അധ്യാപകന്റെ പേര് :

സ്കൂളിന്റെ പേര് :

ക്ലാസ് : 1

വിഷയം : ,മലയാളം

യൂണിറ്റ് : പൂവ് ചിരിച്ചു

| പ്രവർത്തനം | വിലയിരുത്തൽ |
| --- | --- |
| **ക്രിയാവിശദാംശങ്ങൾ**<br>• ടീച്ചർ ഭാവാത്മകമായി പൂക്കളുമായി ബന്ധപ്പെട്ട ഒരു ബാലസാഹിത്യകൃതി വായിച്ചുകേൾപ്പിക്കുന്നു.<br>• കുട്ടികളുടെ വീടുകളിലേക്ക് വായനോത്സവത്തിന്റെ ഭാഗമായി നൽകിയ പൂക്കളുമായി ബന്ധപ്പെട്ട കഥകൾ ഒന്നോ രണ്ടോ കുട്ടികൾ ഭാവാത്മകമായി ക്ലാസിൽ അവതരിപ്പിക്കുന്നു.<br><br>**പഠനത്തെളിവ്**<br><br>• കഥകൾ അവതരിപ്പിച്ചവരുടെ പേരും അവതരിപ്പിച്ച കഥയും - ലിസ്റ്റ്<br>• ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടുന്നതിനായി തയ്യാറാക്കിയ,കുട്ടികൾ കഥകൾ അവതരിപ്പിക്കുന്നതിന്റെ വീഡിയോ<br><br>**വിലയിരുത്തൽ**<br><br>• കേട്ട കഥ ആശയച്ചോർച്ചയില്ലാതെയും ക്രമം പാലിച്ചും പറയാൻ കഴിയുന്നവരെത്ര?<br>• കേട്ടകഥകൾ ഭാവാത്മകതയോടെ അവതരിപ്പിക്കാൻ കഴിയുന്നവരെത്ര?<br>• ആശയക്രമീകരണത്തിൽ പ്രയാസമനുഭവപ്പെടുന്നവരുടെ ചിന്താതടസ്സങ്ങൾ മറികടക്കാനെന്താണ് ചെയ്തത്? | |

| | |
|---|---|
| പ്രവർത്തനത്തിന്റെ പേര്: **പാട്ടരങ്ങ്**<br>പഠനലക്ഷ്യങ്ങൾ:<br>1. പരിചിതമായ പാട്ടുകൾക്ക് അനുയോജ്യമായ താളം നൽകിയും ഭാവാത്മകമായും ഒറ്റയ്ക്കും കൂട്ടായും സദസ്സിനു മുൻപാകെ അവതരിപ്പിക്കുക<br>2. പാട്ടിനും ആശയത്തിനും താളാത്മകമായശബ്ദത്തിനും അനുസൃതമായി രംഗാവിഷ്കാരം നടത്തുക\\<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br><br>• ചുവടെ നൽകിയിട്ടുള്ള പാട്ട് മുൻപാഠവുമായി ബന്ധമുള്ളതാണ്.<br>• ആ പാഠത്തിലെ ചാർട്ടുകൾ വീണ്ടും വായിക്കാൻ അവസരം ഒരുക്കുന്നു.<br>കുട്ടികൾ കൂടെ ചൊല്ലുന്നു.<br><br>**ചെറു ചെറു പഴങ്ങളിൽ**<br>**കൊതിയോടെ നോക്കി**<br>**തന തന തന തന**<br>**തനു തിന താന**<br>**കുല കുലപ്പഴങ്ങളിൽ**<br>**തുരുതുരാ കൊത്തി**<br>**തന തന തന തന**<br><br>**കുല കുലപ്പഴങ്ങളോ**<br>**ചടപട വീണു**<br>**തന തന തന തന**<br>**തനു തിന താന**<br>**കലപില കലപില**<br>**പറവകൾ പാടി**<br>**പട പട പട പട**<br>**പറവകൾ പാറി.** | |

| | |
|---|---|
| താളമിട്ട് ഒത്തു പാടണം (പാട്ടരങ്ങ്)<br><br>**പ്രതീക്ഷിത ഉല്പന്നം**<br>കുട്ടികൾ പാടുന്നതിന്റെയും പാടി അഭിനയിക്കുന്നത<br>ന്റെയും വീഡിയോ<br><br><br><br>പ്രവർത്തനത്തിന്റെ പേര്: **വരയരങ്ങ്, കഥപറയൽ**<br><br>പഠനലക്ഷ്യങ്ങൾ:<br>1. വിവിധ പ്രതലങ്ങളിൽ വരച്ച് നിറം നൽകുക<br>2. ചിത്രങ്ങൾ സ്വന്തമായ നിലയിൽ വ്യാഖ്യാനിക്കുക.<br>3. കേട്ട കഥകൾ ആശയക്രമീകരണം പാലിച്ച് ഭാവാത്മകമായി അവതരിപ്പിക്കുക<br>കരുതേണ്ട സാമഗ്രികൾ:<br>ക്രയോൺസ്, പെൻസിൽ, A4 ഷീറ്റ്<br><br>പ്രക്രിയാവിശദാംശങ്ങൾ<br><br>നല്ല പഴങ്ങൾ! പറവകൾ അവയും കൊത്തിയെടുത്ത് നാലുപാടും പറന്നു. ഉയരത്തിൽ പറന്ന ഒരു മഞ്ഞക്കിളിയുടെ ചുണ്ടിൽ നിന്ന് ഒരു ഇടുത്ത പഴം താഴേക്ക് വീണു. അത് മരക്കൊമ്പിൽത്തട്ടി പൊട്ടിച്ചിതറി. വിത്തുകൾ നാലുപാടും ചിതറിത്തെറിച്ചു. ഒരു കുഞ്ഞുവിത്ത് ഉരുണ്ടുരുണ്ടു പോയി. ഉരുണ്ടുരുണ്ട് അത് പൂത്തു നിന്ന ഒരു മരത്തിൽ ചെന്നിടിച്ചു മലർന്നു. പാവം വിത്ത് കിടന്ന കിടപ്പിൽ മേലേക്ക് നോക്കി. ഹായ്! എന്തു രസം! നിറയെ പൂവുകൾ. പൂപ്പന്തൽ.<br>എത്ര മനോഹരം .ഞാനും ഇതുപോലെ പൂക്കും.<br>കുഞ്ഞുവിത്ത് മോഹിച്ചു.<br>അപ്പോൾ ഒരില പാറി വന്ന് കുഞ്ഞുവിത്തിനെ പുതപ്പിച്ചു. | |

| | |
|---|---|
| കുഞ്ഞുവിത്തിന് ഉറക്കം വന്നു. അതുറങ്ങി.<br>കുർ കുർ കുർ. കൂർക്കം വലിച്ച് ഉറങ്ങി. ഉറക്കത്തിൽ സ്വപ്നം കണ്ടു. സ്വപ്നത്തിൽ നിറയെ പൂക്കളുള്ള മരം. അതുറങ്ങി.<br><br>• ഭാവാത്മകമായി കഥ പറയൽ<br>• ഈ ഭാഗം കേട്ടതിനു ശേഷം കുട്ടികൾ ഇഷ്ടമുള്ള ഒരു രംഗത്തിന്റെ ചിത്രീകരണം നടത്തണം<br>• നിറം നൽകണം<br>• ചിത്രപ്രദർശനം നടത്തണം.<br>• പരസ്പരം വിലയിരുത്തണം.<br><br>പ്രതീക്ഷിത ഉല്പന്നം<br>• കുട്ടികൾ വരച്ച ചിത്രങ്ങൾ<br><br>പ്രവർത്തനത്തിന്റെ പേര്: **പൂക്കൾ കൈമാറ്റക്കളി**<br>പഠനലക്ഷ്യങ്ങൾ:<br>1. ശരീരാവയവങ്ങളുടെ ഏകോപനം ആവശ്യമുള്ള പ്രവർത്തനത്തിൽ നടത്തുന്നതിന് കഴിവ് നേടുന്നു<br>2. അടിസ്ഥാന ചലനനൈപുണികൾ വികസിപ്പിക്കുന്നതിനുള്ള ബഹുവിധപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള കഴിവ് നേടുന്നു<br><br>കരുതേണ്ട സാമഗ്രികൾ: അഞ്ച് ചെമ്പരത്തിപ്പൂക്കൾ<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br>• കുട്ടികളെ തുല്യ എണ്ണമുള്ള അഞ്ച് ഗ്രൂപ്പുകളാക്കുന്നു.<br>• കൈ നീട്ടിയാൽ തൊടാത്ത അകലത്തിൽ ഓരോ ഗ്രൂപ്പും വരിവരിയായി നിൽക്കുന്നു<br>• അഞ്ചുവരകളുടെയും വലത്തേ അറ്റത്ത് ഓരോ ചെമ്പരത്തിപ്പൂവ് വീതം വെക്കണം<br>• വിസിൽ മുഴക്കുമ്പോൾ പൂവിനടുത്തു നിൽക്കുന്ന ആൾ പൂവെടുത്ത് ഗ്രൂപ്പിലെ തൊട്ടടുത്തുള്ള ആൾക്ക് ഉയർത്തി | |

| | |
|---|---|
| ഇട്ടുകൊടുക്കണം.<br>• ആ പൂവ് താഴെ വീഴാതെ പിടിച്ച് അടുത്തയാൾക്ക് കൊടുക്കണം.<br>• അങ്ങനെ കൈമാറിക്കൈമാറി അവസാനത്തെ ആൾക്ക് കിട്ടുകയും ആ ആൾ അതുമായി ഒടിച്ചെന്ന് പൂക്കുടയിൽ വെക്കുകയും വേണം.<br>• മുന്നിൽ പൂക്കുടയിൽ വെച്ച ഗ്രൂപ്പ് ജേതാക്കൾ<br><br>പ്രവർത്തനത്തിന്റെ പേര്: **റോൾപ്ലേ**<br>പഠനലക്ഷ്യങ്ങൾ:<br>കേട്ട /വായിച്ച കഥയിലെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ ററോൾപ്ലേയിലൂടെ അവതരിപ്പിക്കുക<br>**പ്രക്രിയാവിശദാംശങ്ങൾ**<br>"കുഞ്ഞുവിത്തേ, ഉണര്രു ഉണര്രു."<br>മരത്തിന്റെ വേരുകൾ വിളിച്ചു.<br>കുർ കുർ കുർ കുർ...<br>കുഞ്ഞുവിത്ത് ഉറക്കം തന്നെ ഉറക്കം.<br>"കുഞ്ഞു വിത്തേ, ഉണര്രു ഉണര്രു."<br>ഒരു കുഞ്ഞുമഴത്തുള്ളി കുഞ്ഞു വിത്തിനെ തൊട്ടു വിളിച്ചു.<br>കുഞ്ഞുവിത്ത് കുർ കുർ നിറുത്തി. കണ്ണ് തുറന്നു.<br>"വേഗം വളര്. പൂവിടേണ്ടേ?" മണ്ണ് ചോദിച്ചു.<br>"ഓ ഞാൻ വേഗം വളരാൻ പോകയാ.” കുഞ്ഞുവിത്ത് ഉഷാറായി.<br>അത് മണ്ണിന് മുകളിലേക്ക് തല ഉയർത്തി.<br>നീലാകാശം.<br>പച്ചപ്പ്.<br>കിളിപ്പാട്ടുകൾ.<br>കാറ്റിന്റെ നൃത്തത്തിനൊത്ത് താളം പിടിക്കുന്ന ഇലകളും മരങ്ങളും.<br>ആകെപ്പാടെ നല്ല രസം!<br>അപ്പോഴാണ് അതുവഴി ഒരു തുമ്പിയും മണ്ണിരയും വന്നത്. | |

| | |
|---|---|
| താഴെ കരിയലകൾക്കിടയിൽ ഒരു പച്ചത്തല!<br>തുമ്പി മണ്ണിരയോട് ചോദിച്ചു<br>**അത് ആരാ?**<br>മറുപടി കിട്ടിയില്ല. തുമ്പി വീണ്ടും ചോദിച്ചു: **ആരാ അത്?**<br>മണ്ണിരക്കും സംശയം. മണ്ണിര ചോദിച്ചു<br>**നീ ആരാ ?**<br>കുഞ്ഞുവിത്ത് രണ്ട് ഇലകൾ വിടർത്തി പറഞ്ഞു.<br>അഭിമാനത്തോടെ പറഞ്ഞു<br>**ഞാൻ ചെടി**<br>**"വളർന്ന് ഞാൻ പൂവിട്ടും."**<br>**' ആഹാ കൊള്ളാമല്ലോ. എന്നാൽ നിന്റെ ചുറ്റുമുള്ള മണ്ണ്**<br>**ഞാൻ ഇളക്കിത്തരാം. വേഗം വളര് "**<br>മണ്ണിര പറഞ്ഞു.<br>തുമ്പി പറന്ന് വന്ന് കുഞ്ഞുചെടിയോട് പതുക്കെ ചോദിച്ചു.<br>**' പൂവിട്ടുമ്പോൾ എനിക്ക് ഒരു പൂവ് തരുമോ?"**<br>**"ഉം തീർച്ചയായും "**<br>കുഞ്ഞുചെടി പറഞ്ഞു.<br>**"ബൈ "**<br>തുമ്പി പറന്നു പോയി<br>**"ബൈ ബൈ "**<br>കുഞ്ഞുചെടി വിളിച്ചു പറഞ്ഞു.<br>ഈ ഭാഗം ഭാവാത്മകമായി അവതരിപ്പിക്കണം.<br>മുഴുവൻ സംഭവങ്ങളും ഭാവാത്മകമായി വീണ്ടും<br>അവതരിപ്പിക്കുന്നു. രണ്ടാം അവതരണത്തിൽ എല്ലാവരും<br>കുഞ്ഞുവിത്ത് (ചുരുക്കം വലിച്ചുറങ്ങൽ, ഉണരൽ,<br>ചുറ്റുമുള്ളവ കാണൽ ഇവയുടെ അഭിനയം )<br>അതു കഴിഞ്ഞ് റോൾ പ്ലേ. സന്ദർഭം പറയുന്നു<br>റോളുകൾ<br>• തുമ്പി<br>• മണ്ണിര<br>• കുഞ്ഞുചെടി | |

| | |
|---|---|
| മറ്റ് കഥാപാത്രങ്ങളും ആകാം അത് കുട്ടികൾ തീരുമാനിക്കട്ടെ. ഗ്രൂപ്പ് പ്രവർത്തനം.<br><br>**പ്രതീക്ഷിത ഉല്പന്നം**<br>റോൾ പ്ലേ ഡിജിറ്റൽ പോർട്ട് ഫോളിയോ (വീഡിയോ )<br><br>പ്രവർത്തനത്തിന്റെ പേര്: **വളരുന്ന ചെടി (എഴുത്ത്)**<br>പഠനലക്ഷ്യങ്ങൾ:<br>1. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം ) മലയാളം ലിപികൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുക.<br>2. അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുക.<br>കരുതേണ്ട സാമഗ്രികൾ:<br>• മാർക്കർ, ചാർട്ട് , പിഞ്ഞുണ ബുക്ക്, സ്റ്റാർ സ്റ്റിക്കർ, ക്രയോൺസ്<br><br>ഊന്നൽ നൽകുന്ന അക്ഷരങ്ങൾ<br>• അ, ആ (ഹ്രസ്വവും ദീർഘവും )<br>• ഞ, ൻ, ച എന്നിവ.<br>• ത, ന ഇവ മുൻ പാഠത്തിൽ പരിചയിച്ചതാണ്.<br>(അടുത്ത ദിവസങ്ങളിൽ ഇവയെല്ലാം പുനരനുഭവം ഉണ്ട്)<br>ഊന്നൽ നൽകുന്ന ചിഹ്നങ്ങൾ<br>• ഈ, എ എന്നിവയുടെ<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br><br>രംഗത്തിലെ സംഭാഷണം പറയിച്ച ശേഷം സചിത്രപ്രവർത്തനപുസ്തകത്തിൽ പ്രവർത്തനം | |

| | |
|---|---|
| ചെയ്യിക്കുന്നു<br>തുമ്പി മണ്ണിരയോട് ചോദിച്ചത് എന്താ?<br>അത് ആരാ? (ലേഖനപ്രക്രിയ- ചാർട്ടെഴുത്ത് മുതൽ തെളിവെട്ടുത്തെഴുത്ത് വരെ അ, ആ, ര എന്നിവയുടെ ഘടന വ്യക്തമാക്കണം)<br>അതിന് മറുപടി കിട്ടാതായപ്പോൾ വീണ്ടും ചോദിച്ചതെന്താണ്?<br>ആരാ അത്? (ലേഖനപ്രക്രിയ- ചാർട്ടെഴുത്ത് മുതൽ തെളിവെട്ടുത്തെഴുത്ത് വരെ. അ, ആ, ര തെളിവെട്ടുത്തെഴുത്ത്.)<br>മണ്ണിര എന്താ ചചോദിച്ചത്?<br>നീ ആരാ? (ലേഖന പ്രക്രിയ- ചാർട്ടെഴുത്ത് മുതൽ തെളിവെട്ടുത്തെഴുത്ത് വരെ. ഈയുടെ ചിഹ്നം ഘടന വ്യക്തമാക്കണം)<br>കുഞ്ഞുവിത്ത് രണ്ട് ഇലകൾ വിടർത്തി പറഞ്ഞ മറുപടി എന്തായിരുന്നു?<br>ഞാൻ ചെടി. (ലേഖനപ്രക്രിയ- ചാർട്ടെഴുത്ത് മുതൽ തെളിവെട്ടുത്തെഴുത്ത് വരെ)<br>മുകളിലെ ഓരോ വാക്യമെഴുതുമ്പോഴും സ്വീകരിക്കേണ്ട ലേഖനപ്രക്രിയയുടെ വിശദാംശങ്ങൾ ചുവടെ<br>ചാർട്ടെഴുത്ത് (3 മിനിറ്റ് വീതം )<br>ഓരോരോ വാക്യങ്ങളായി എഴുതി അതിന്റെ തുടർ ലേഖനപ്രക്രിയകളെല്ലാം പാലിച്ച് കുട്ടികൾ എല്ലാവരും എഴുതിയെന്ന് ഉറപ്പാക്കിയ ശേഷം അടുത്ത വാക്യമെന്ന രീതി സ്വീകരിക്കണം. (ചാർട്ടിലെഴുതുമ്പോൾ ഘടന പറ യേണ്ടതില്ല വാക്കകലത്തെക്കുറിച്ച് സൂചിപ്പിക്കണം, വാക്കിലെ ഓരോ അക്ഷരവും വ്യക്തമാകും വിധം ശരിയായ രീതിയിൽ ഉച്ചരിക്കുകയും പിന്നെ കൂട്ടിച്ചേർത്തു വാക്കു പറയുകയും ചെയ്യുന്ന രീതിയിലാണ് വാക്യമെഴുത്ത്.) | |

**ബോർഡിലെഴുത്ത്**

ചാർട്ടിലെഴുതിയ വാക്യം ബുക്കിലെഴുതുന്നതിന് ആവശ്യബോധം സൃഷ്ടിച്ചശേഷം അതിലെ ഓരോരോ വാക്കുകളും ബോർഡിൽ ഘടനപാലിച്ച് പറയണം തുടർന്ന് ആ വാക്കിലെ പുതിയതായി പരിചയപ്പെടുത്തുന്ന അക്ഷരം ഘടനവ്യക്തമാക്കി പറഞ്ഞ് എഴുതണം.

ഇത് രണ്ടോ മൂന്നോ തവണ ആവർത്തിക്കാം.

ഘടന വ്യക്തമാക്കേണ്ട അക്ഷരങ്ങൾ

• അ, ആ ( അത് ആരാ? )

• ഞ, ൻ, ച ( ഞാൻ ചെടി)

• ചിഹ്നങ്ങൾ ( ഈ, എ എന്നിവയുടെ ചിഹ്നങ്ങൾ)

**സചിത്രപുസ്തകത്തിലെഴുത്ത്**

എഴുത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

• അത് ആരാ? എന്ന് ഒന്നാം തവണ നോക്കി എഴുതിയശേഷം രണ്ടാം തവണ ആരാ അത് എന്ന് തെളിവെടുത്തെഴുതുകയാണ് വേണ്ടത്.

• വാക്കകലവും ശ്രദ്ധിക്കണം. അക്ഷരം തമ്മിൽ ചേർന്നു പോകാതെ നോക്കുകയും വേണം.

• അ, ആ എന്നിവയുടെ വ്യത്യാസം പരിഗണിച്ചുവെന്നുറപ്പാക്കണം, എഴുതിയവർക്ക് ഓരോ വാക്കിനും ശരി അടയാളം നൽകുന്നു.

• ടീച്ചർ എല്ലാവരുടെയും നോട്ടുബുക്ക് വിലയിരുത്തുന്നു.

• ശരിയായി എഴുതിയ ഓരോരുത്തർക്കും ഓരോ അക്ഷരത്തിനും ശരിയടയാളം നൽകണം.

• കൂടുതൽ പേർക്ക് എഴുതാൻ വിഷമമുണ്ടെങ്കിൽ പൊതുവിൽ ഒന്നുകൂടി ബോർഡിൽ എഴുതി കാണിക്കുന്നു. അത് ആരാ-ഘടന പാലിച്ച് ഉറക്കെ പറഞ്ഞ് വടിവിൽ ) വീണ്ടും എഴുതുന്നു.

| | |
|---|---|
| **പ്രവർത്തനത്തിന്റെ പേര്: വളരുന്ന ചെടി ( വായന)**<br>പഠനലക്ഷ്യങ്ങൾ:<br>1. പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുക<br>2. ശബ്ദഭംഗി ഉളവാക്കുന്ന അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തനം കണ്ടെത്തുക<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br><br>വാക്യം കണ്ടെത്തൽ<br>• ചെടി പറഞ്ഞ മറുപടി എത്രാമത്തെ വരിയിൽ?<br>• നീ ആരാ എന്ന് എഴുതിയിട്ടുള്ളത് എത്രമാത്തെ വരിയാണ്.<br><br>അക്ഷരം കണ്ടെത്തൽ<br>• ഊന്നൽ നൽകുന്ന അക്ഷരങ്ങൾ ( അ, ആ, ഞാ, ചെ,ൻ) തൊട്ടുകാണിക്കണം.<br>ചിഹ്നം ചേർന്ന വാക്ക് കണ്ടെത്തൽ.<br>• ഊന്നൽ നൽകുന്ന ചിഹ്നങ്ങൾ ചേർന്ന വാക്ക് എവിടെയാണ്? നീ എന്ന വാക്കിന് മാത്രം അടിവരയിടുക. ക്രമത്തിൽ വായിക്കൽ<br>• ഈ മൂന്നു വരികളും വായിക്കാൻ സന്നദ്ധതയുള്ളവർ വരിക<br><br>ചങ്ങല വായന<br>• നാലുപേരായി വന്ന് ഓരോരോ വാക്യം വീതം വായിക്കുന്നു<br><br>പ്രതീക്ഷിത ഉല്പന്നം<br>• സചിത്രപ്രവർത്തനപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ | |

| | |
|---|---|
| **പ്രവർത്തനത്തിന്റെ പേര്: പാട്ടരങ്ങ്**<br>പഠനലക്ഷ്യങ്ങൾ:<br>പരിചിതമായ പാട്ടുകൾക്ക് അനുയോജ്യമായ താളം നൽകിയും ഭാവാത്മകമായും ഒറ്റയ്ക്കും കൂട്ടായും സദസ്സിനു മുൻപാകെ അവതരിപ്പിക്കുക<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br>സന്ധ്യയായപ്പോൾ കുഞ്ഞു ചെടിക്ക് ഉറക്കം വന്നു. അത് ഇല മടക്കി ഉറങ്ങാൻ തുടങ്ങി. അടുത്ത ദിവസം നേരം വെളുത്തു. കുഞ്ഞുചെടി ഉറക്കത്തിലാണ്.<br>മരത്തിന്റെ വേരുകൾ വിളിച്ചു.<br>"കുഞ്ഞുചെടീ, ഉണരൂ ഉണരൂ."<br>"കുർ കുർ കുർ കുർ."<br>കുഞ്ഞുചെടി ഉറക്കം തന്നെ ഉറക്കം.<br>ഒരു കുഞ്ഞുകാറ്റ് വന്ന് കുഞ്ഞുചെടിയെ തൊട്ടു വിളിച്ചു.<br>"കുഞ്ഞുചെടീ, ഉണരൂ ഉണരൂ."<br>"ങും ഞാനിത്തിരികൂടെ ഉറങ്ങട്ടെ." കുഞ്ഞുചെടി പറഞ്ഞു.<br>"ദേ നോക്ക് അപ്പുറവും ഇപ്പുറവുമെല്ലാം എന്തെല്ലാം പൂക്കളാണ്?"<br>കുഞ്ഞുചെടി അല്പം കണ്ണുതുറന്നു. (അഭിനയം)<br>"അതാ അഞ്ചിതളുള്ള ഒരു പൂവ് കണ്ടോ?"<br>"അതിന്റെ പെരെന്താ?"<br>അപ്പോൾ കുഞ്ഞുകാറ്റ് പാടി<br><br>**അഞ്ചിതള് അഞ്ചിതള്**<br>**അരളിപ്പൂവിന്നഞ്ചിതള്**<br>**അഞ്ചിതള് അഞ്ചിതള്**<br>**മുക്കുറ്റിപ്പൂവഞ്ചിതള്**<br><br>"ബാക്കിപ്പൂക്കളുടെ കാര്യം അറിയില്ല. നമ്മൾക്ക് അന്വേഷിക്കാം." കുഞ്ഞുകാറ്റും ചിത്രശലഭവും യാത്രതിരിച്ചു<br>പോകുന്ന വഴിയിൽ ഒരു കുഞ്ഞുമുയൽ ചാടിച്ചാടി | |

| | |
|---|---|
| പോകുന്നു.<br>"മുയലേ കുഞ്ഞാ ഒന്നു നിൽക്കണേ?"<br>"എന്താ കാര്യം?"<br>"എല്ലാപൂക്കൾക്കും ഇതളുകൾ അഞ്ചുവീതമാണോ ?"<br>കുഞ്ഞുമുയൽ പാടി<br><br>**അഞ്ചിതള് അഞ്ചിതള്**<br>**കൊന്നപ്പൂപൂവഞ്ചിതള്**<br>**അഞ്ചിതള് അഞ്ചിതള്**<br>**കൊങ്ങിണിപൂവഞ്ചിതള്**<br><br>"മറ്റുള്ള പൂക്കളുടെ കാര്യം എനിക്കറിയില്ല. വാ നമ്മൾക്ക് അന്വേഷിക്കാം." കുഞ്ഞുമുയലും കുഞ്ഞിക്കാറ്റും ചിത്രശലവും യാത്രയായി. അപ്പോൾ അതാ എതിരേ ഒരു വണ്ട് വരുന്നു.<br>"വണ്ടേ വണ്ടേ എല്ലാപൂക്കൾക്കും ഇതളുകൾ അഞ്ചുവീതമാണോ ?"<br>"ആണെന്നാ തോന്നുന്നത്, " വണ്ട് പറഞ്ഞു. അത് പാടി.<br><br>**അഞ്ചിതള് അഞ്ചിതള്**<br>**അലറിപ്പാലക്കഞ്ചിതള്**<br>**അഞ്ചിതള് അഞ്ചിതള്**<br>**മന്ദാരപ്പൂവഞ്ചിതള്**<br><br>കുഞ്ഞുകാറ്റ് തീരുമാനത്തിലെത്തി. പൂക്കൾക്കെല്ലാം അഞ്ചിതളായിരിക്കും. അത് കുഞ്ഞുചെടിയിടെ അടുത്തു ചെന്നു ചിത്രശലഭവും കുഞ്ഞുമുയലും വണ്ടും പറഞ്ഞത് പാടി.<br>**അഞ്ചിതള് അഞ്ചിതള്... ( പാട്ടരങ്ങ്)**<br>കുഞ്ഞുചെടിക്ക് പാട്ട് ഇഷ്ടമായി. ഒന്നുകൂടിപ്പാടാമോ? കുഞ്ഞുകാറ്റ് പാടി. കുഞ്ഞുചെടി ഒപ്പം പാടി. (താളമിട്ട് ഒത്തുപാടണം)<br>**അഞ്ചിതളല്ലോ അഞ്ചിതള് (4/4)** | |

തന്നാനേ താനാ തിന തന്നാനം താനാ
തന്നാനേ താനാ തിന തന്നാനം താനാ
അഞ്ചിതളല്ലോ അഞ്ചിതള്
മുക്കുറ്റിപ്പൂവഞ്ചിതള്
അഞ്ചിതളല്ലോ അഞ്ചിതള്
മന്ദാരപ്പൂവഞ്ചിതള്..
രയ്യരെയ്യം രയ്യരെയ്യം
രയ്യര രയ്യര രയ്യരെയ്യം
തന്നാനേ താനാ തിന തന്നാനം താനാ
തന്നാനേ താനാ തിന തന്നാനം താ...നാ
അഞ്ചിതളല്ലോ അഞ്ചിതളല്ലോ
ചെമ്പരത്തിക്കഞ്ചിതള്
അഞ്ചിതളല്ലോ അഞ്ചിതളല്ലോ
കോളാമ്പിപ്പൂവഞ്ചിതള്
അഞ്ചിതളല്ലോ അഞ്ചിതളല്ലോ
നന്ത്യാർവട്ടം അഞ്ചിതള്
അഞ്ചിതളല്ലോ അഞ്ചിതളല്ലോ
കൊന്നപ്പൂവിന്നഞ്ചിതള്

തന്നാനേ താനാ തിന തന്നാനം താനാ
തന്നാനേ താനാ തിന തന്നാനം താ...നാ
എയ്യരയ്യാ എയ്യരയ്യാ തക
രെയ്യരരെയ്യരം രെയ്യരയ്യ..
കൊങ്ങിണിപ്പൂവഞ്ചിതള്
മന്ദാരപ്പൂവഞ്ചിതള്
തന്നാനേ താനാ തിന തന്നാനം താനാ
തന്നാനേ താനാ തിന തന്നാനം താ...നാ
എയ്യരയ്യാ എയ്യരയ്യാ തക
രെയ്യരരെയ്യരം രെയ്യരയ്യ..
അഞ്ചിതളല്ലോ അഞ്ചിതളല്ലോ
പാരിജാതം അഞ്ചിതള്
അഞ്ചിതളല്ലോ അഞ്ചിതളല്ലോ
അലറിപ്പാലയ്ക്കഞ്ചിതള്
തന്നാനേ താനാ തിന തന്നാനം താനാ

| | |
|---|---|
| **തന്നാനേ താനാ തിന തന്നാനം താ...നാ**<br>**എയ്യരയ്യാ എയ്യരയ്യാ തക**<br>**രെയ്യരരെയ്യരം രെയ്യരയ്യ..**<br><br>**പ്രതീക്ഷിത ഉല്പന്നം -**<br>• താളമിട്ട് പാടുന്നതിന്റെ ഡിജിറ്റൽ പോർട്ട് ഫോളിയോ<br>**വിലയിരുത്തൽ**<br>ഇതളുകളുടെ എണ്ണത്തെക്കുറിച്ചുള്ള ഈ പാട്ട് അവതരിപ്പിച്ചതിലൂടെ പൂക്കൾ നിരീക്ഷിക്കുന്നതിനുള്ള താല്പര്യം കുട്ടികളിലുണ്ടായോ?<br><br>**പ്രവർത്തനത്തിന്റെ പേര്: തരംതിരിക്കാം.**<br><br>**പഠനലക്ഷ്യങ്ങൾ:**<br>1. പൂക്കൾ നിരീക്ഷിച്ചും ചിത്രങ്ങൾ വിശകലനം ചെയ്തും മുതിർന്നവരോട് അന്വേഷിച്ചും പൂക്കളുമായി ബന്ധപ്പെട്ട് കണ്ടെത്തിയ സവിശേഷതകളുടെ (നിറം, വലിപ്പം) അടിസ്ഥാനത്തിൽ പൂക്കളെ തരംതിരിക്കുക, പട്ടികപ്പെടുത്തുക.<br>2. ഇതളുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുക.<br>3. അവ വിശകലനം ചെയ്ത് നിറം, വലിപ്പം, ഇതളുകളുടെ എണ്ണം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൂക്കളിൽ വൈവിധ്യമുണ്ടെന്ന നിഗമനത്തിലെത്തിച്ചേരുക. (പൂക്കൾ എല്ലാം ഒരു പോലെയല്ല. നിറം, മണം, വലുപ്പം, ഇതളുകളുടെ എണ്ണം തുടങ്ങിയവയിൽ പൂക്കൾ വ്യത്യാസപ്പെട്ടിരിക്കുന്നു)<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br>പാട്ടുതീർന്നപ്പോൾ  പാട്ടുകേട്ട കാക്കമ്മ പറഞ്ഞു. ഞാൻ<br>"കണ്ടപൂവിന് അഞ്ചിതളില്ല."<br>"ഏതു പൂവാ നീ കണ്ടത്? " | |

കാറ്റ് ചോദിച്ചു.
"പറയത്തില്ല." കാക്ക പറഞ്ഞു
അപ്പോൾ വെയിൽ പറഞ്ഞു. "ഞാൻ കണ്ട പൂക്കൾക്ക്
അഞ്ചിൽ കൂടുതൽ ഇതളുകളുണ്ട്"
"ഏതു പൂവാ നീ കണ്ടത്? "
കാറ്റ് ചോദിച്ചു.
"പറയത്തില്ല." വെയിൽ പറഞ്ഞു.
കുഞ്ഞുചെടിക്ക് സംശയമായി പൂക്കൾക്കെത്ര വീതം
ഇതളുകൾ ഉണ്ട്?
എല്ലാ പൂക്കളുടെയും ഇതളുകളുടെ എണ്ണം അഞ്ചാണോ ?
കൂട്ടുകാരേ നിങ്ങൾക്ക് സഹായിക്കാമോ ?
കുട്ടികൾ കൊണ്ടുവന്ന പൂക്കളും ടീച്ചർ കരുതിയതും
ഗ്രൂപ്പടിസ്ഥാനത്തിൽ തരംതിരിക്കുന്നു.
തറയിൽ വരച്ച പട്ടികയുടെ കോളങ്ങളിൽ ഇതളുകളുടെ
അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നു. പട്ടികയിൽ
എണ്ണം കുട്ടികൾക്ക് തന്നെ എഴുതാനവസരം
കൊടുത്താലോ ?
പട്ടികയിൽ നിന്നും പാട്ടുണ്ടാക്കാമോ?

ഇതളുകളുക ളുടെ എണ്ണം

| 1 | 2 | 3 | 4 | 5 | 6 |
| --- | --- | --- | --- | --- | --- |
| ആന്തൂറിയം | യൂഫോബിയ<br>തുമ്പ | തിത്തിരി പ്പൂവ്<br>തെങ്ങിൻ പൂവ് | തെച്ചി,<br>കണ്ണാന്തളി<br>അശോകം,<br>കാക്കപ്പൂവ്<br>ഹൈഡ്രാന്ജിയ | നിത്യകല്യാണി<br>സ്റ്റാർ<br>ചെക്കി<br>വെളുത്ത തെച്ചി<br>മത്തൻ,<br>നാലുമണിപ്പൂവ് | നിലപ്പന<br>ലില്ലി |

**പാട്ട് പാടിക്കഴിഞ്ഞാൽ അടുത്ത പ്രശ്നാവതരണം**
നമ്മുടെ നാട്ടിൽ എല്ലാ നിറങ്ങളിലുമുള്ള പൂക്കൾ ഉണ്ടോ?
കുട്ടികളുടെ പ്രതികരണം.
കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു.
വിവിധ നിറങ്ങളിലുള്ള ചെറുകഷണം പേപ്പറുകൾ ( നീല, ചുവപ്പ്,
മഞ്ഞ, വെള്ള) നാല് പേർക്ക് നൽകുന്നു.
വിസിൽ മുഴക്കുമ്പോൾ പേപ്പറുകൾ കൈമാറണം

അടുത്ത വിസിലിന് കൈമാറ്റം അവസാനിപ്പിക്കണം. അപ്പോൾ ആരുടെ കൈയിലാണോ നിറപ്പേപ്പറുകൾ അവർ ആ നിറമുള്ള ഒരു പൂവിന്റെ പേര് പറയണം.
തുടർന്ന് കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. എല്ലാ ഗ്രൂപ്പുകൾക്കും ആറ് നിറക്കടലാസുകൾ നൽകുന്നു ( പച്ച, നീല, ചുവപ്പ്, മഞ്ഞ, വെള്ള, പിങ്ക്,)
ശേഖരിച്ച പൂക്കളെ നിറത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കണം.
( ഇതളുകളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കാൻ നേരത്തെ കരുതിയ പൂക്കൾ ഉപയോഗിക്കാം)
ഏതു നിറത്തിലുള്ള പൂക്കളാണ് ഇല്ലാതെ പോയത്?
ഒരേ ജാതിയിൽപ്പെട്ട ചെടികളുടെ പലനിറങ്ങളിലുള്ള പൂക്കളുണ്ടോ? ( ചെമ്പരുത്തി, റോസ)

**പ്രതീക്ഷിത ഉല്പന്നം**

- പട്ടിക
- പാട്ട്

**വിലയിരുത്തൽ**

- പൂക്കളെ നിറങ്ങളുടെ അടിസ്ഥാനത്തിൽ ഉദാഹരിക്കാൻ എത്രപേർക്ക് കഴിഞ്ഞു?
- ഇതളുകളുടെ അടിസ്ഥാനത്തിൽ തരം തിരിക്കാനുള്ള ഗണിതധാരണ എത്രപേർക്ക് ഉണ്ടായിരുന്നു?
- തരംതിരിച്ചത് ശരിയാണോ എന്ന് മറ്റു ഗ്രൂപ്പുകൾ വിലയിരുത്തിയോ?

**പ്രവർത്തനത്തിന്റെ പേര്: പുഴുവിനെ നിർമിക്കാം.**

പഠനലക്ഷ്യങ്ങൾ:

1. നിർദ്ദേശങ്ങൾക്കനുസരിച്ച് സൂക്ഷ്മപേശിവികാസത്തിന് സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക
2. കത്രിക പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക

**കരുതേണ്ട സാമഗ്രികൾ:**

ടിഷ്യൂപേപ്പർ, പച്ചനിറമുള്ള പേപ്പർ ഇല ആകൃതിയിൽ വെട്ടിയത്, റീഫിൽ, പശ, കളർ

**പ്രക്രിയാവിശദാംശങ്ങൾ**

അടുത്തദിവസം രാവിലെ കുഞ്ഞുചെടിക്ക് രണ്ടില കൂടിയായി. കാറ്റുവന്നു
"ഓ, നിയങ്ങു വളർന്നല്ലോ?"
"ഉം, ഞാൻ വളർന്ന് പൂവിടും."
കുഞ്ഞുചെടി പറഞ്ഞു
"ശരി എനിക്കല്പം തിരക്കുണ്ട്. പോയി വരാം". കാറ്റ് പോയി.
അപ്പോൾ ഇലയിൽ ആരോ കയറി. കുഞ്ഞുചെടി നോക്കി. ആളെ

മനസ്സിലായില്ല. ചുവപ്പും വെളുപ്പും നിറം.
ദേഹമാകെ സൂചിപോലെ എന്തോ ഉണ്ട്. ആളെ കാണണ്ടേ? നമ്മുക്ക്
ഉണ്ടാക്കാം.

**പുഴുനിർമാണം.**
എല്ലാവർക്കും ടിഷ്യൂപേപ്പറും റീഫില്ലും നൽകുന്നു.
1. റീഫില്ലിൽ പച്ചനിറമുള്ള പേപ്പർ ചുറ്റി കുഴലുപോലെയാക്കി പശവെച്ച് ഒട്ടിക്കണം.
2. ആ കുഴലിന് അനായാസം കടന്നു പോകാവുന്ന മറ്റൊരു ചെറുകുഴലും ( രണ്ട് സെമി) ഉണ്ടാക്കണം
3. റീഫില്ലിൽ ടിഷ്യൂപേപ്പർ ചുറ്റണം. വശങ്ങൾ പശവെച്ച് ഒട്ടിച്ച് കുഴലുപോലെയാക്കണം. അത് ഇരുവശത്തു നിന്നും തള്ളി ചുരുക്കിയെടുക്കണം
4. അതിന്റെ മുകളിൽ പുഴുവിന്റെ നിറം നൽകണം
5. വെട്ടിയെടുത്ത പച്ചയിലയിൽ നീളം കുറഞ്ഞ വലിയ കുഴൽ ഒട്ടിക്കുക.
6. നീളമുള്ള പച്ചക്കുഴൽ, നീളം കുറഞ്ഞ കുഴലിലൂടെ കടത്തുക
7. ടിഷ്യൂപ്പേപ്പർപുഴുവിന്റെ തല ഭാഗം നീളമുള്ള പച്ചക്കുഴലിന്റെ അറ്റത്തും ചുവട് ഭാഗം ഇലയിൽ ഒട്ടിച്ച വലിയകുഴലിലും ഒട്ടിക്കുക.
8. നീളമുള്ള കുഴൽ മുന്നോട്ടും പിന്നോട്ടും ചലിപ്പിക്കുക. പുഴു ചലിക്കുന്നതു കാണാം.
പുഴുവിനെ ചലിപ്പിച്ച് സംഭാഷണം അവതരിപ്പിക്കുന്നു

പ്രതീക്ഷിത ഉല്പന്നം
• ടിഷ്യൂപ്പേപ്പർ പുഴു
**വിലയിരുത്തൽ**
• ചലിക്കുന്ന പുഴുവിനെ നിർമിക്കാൻ ഏതൊക്കെ കാര്യങ്ങളിൽ സഹായം വേണ്ടി വന്നു?

**പ്രവർത്തനത്തിന്റെ പേര്: പുഴുവിന്റെ വരവ് ( എഴുത്ത് )**
**പഠനലക്ഷ്യങ്ങള്:**
അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം ) മലയാളം ലിപികൾ സഹായ
ത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുക.

കരുതേണ്ട സാമഗ്രികൾ: മാർക്കർ, ചാർട്ട് , പിന്തുണ ബുക്ക്, സ്റ്റാർ സ്റ്റിക്കർ
**ഊന്നൽ അക്ഷരങ്ങൾ –**
• ഴ, ഇ, ന്ന, ക്ക (പുതിയതായി പരിചയപ്പെടുത്തുന്നവ)
• അ, ആ, ഞ, ൻ, ച (മുൻ ഫ്രെയിമിൽ വന്നവ)
• വ, പ, ട, ല, ന,ത (മുൻ പാഠത്തിൽ പരിചയപ്പെട്ടവ)

| | |
|---|---|
| ഊന്നൽ നൽകുന്ന ചിഹ്നങ്ങൾ-<br>• ും(തിന്നും), ം ( പാവം)<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br>അപ്പോൾ ഇലയിൽ പുഴു നടന്നു. കുഞ്ഞുചെടി ആദ്യമായി ഇത്തരം ഒരു ജീവിയെ കാണുകയാണ്. ആളെ മനസ്സിലായില്ല.<br>അപ്പോൾ ചിറകടിച്ച് ഒരാളെത്തി. കാ കാ. ആരാ വന്നത്?<br>കാക്ക വന്നു<br>പറന്നുവന്ന കാക്ക കുഞ്ഞുചെടിയോട് ചോദിച്ചു.<br>"അത് ആരാ?"<br>കുഞ്ഞുചെടി വന്ന ആളോട് ചോദിച്ചു.<br>"നീ ആരാ?<br>ആള് മിണ്ടിയില്ല. കുഞ്ഞുചെടി വീണ്ടും ചോദിച്ചു.<br>ആരാ നീ?<br>ആ ആൾ പറഞ്ഞു<br>"ഞാൻ പുഴു"<br>പുഴുവിനെ ഇലയിൽ കണ്ട കുഞ്ഞുറുമ്പ് പറഞ്ഞു<br>"പുഴു ഇല തിന്നും"<br>പുഴു ഇല തിന്നാൻ തുടങ്ങി.<br>"പാവം ചെടി"<br>കാക്ക പുഴുവിനെ തിന്നു<br><br>**സചിത്രപ്രവർത്തനപുസ്തകത്തിൽ എഴുതേണ്ട വാക്യങ്ങൾ**<br>• കാക്ക വന്നു ( കാക്കയുടെ ചിത്രവും വരച്ച് ചേർക്കണം. ക്കയുടെ ഘടന വ്യക്തമാക്കണം)<br>• അത് ആരാ?<br>• നീ ആരാ?<br>• ആരാ നീ?<br>• ഞാൻ പുഴു ( ഴയുടെ ഘടന വ്യക്തമാക്കണം)<br>• പുഴു ഇല തിന്നും ( ഇയുടെ ഘടന വ്യക്തമാക്കണം)<br>• പാവം ചെടി<br>• കാക്ക പുഴുവിനെ തിന്നു.<br>**ചാർട്ടിൽ വാക്യമെഴുത്ത്**<br>• സംഭാഷണം ക്ലാസിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ ആവർത്തിക്കുന്നു<br>• ചാർട്ടിൽ നാലു വാക്യവും എഴുതുന്നു.<br><br>**ബോർഡിൽ വാക്കെഴുത്തും അക്ഷരമെഴുത്തും**<br><br>സചിത്രപുസ്തകമെടുക്കൂ. അതിൽ ആരൊക്കെയുണ്ട് ( ചെടി, പുഴു, ഉറുമ്പ്) | |

കാ കാ എന്ന് പറഞ്ഞ് ഒരാൾകൂടി വന്നു? ആരായിരിക്കും? (കാക്കയെ വരയ്ക്കു)

കുട്ടികളെല്ലാവരും നിർദേശിക്കുന്ന ഭാഗത്ത് കാക്കയെ വരയ്ക്കുന്നു.

കാക്ക വന്ന കാര്യം എഴുതണ്ടേ? ആരാ വന്നത്? കാക്ക വന്നു.

കാക്ക എന്താ ചോദിച്ചത്? വായിക്കാമോ? "അത് ആരാ?”

ചെടി പുഴുവിനോട് ചോദിച്ചതെന്താ? നീ ആരാ? അതും നേരത്തെ എഴുതിയിട്ടുള്ളതാണ്. ആ തെളിവെടുത്ത്

എഴുതു. ചോദ്യത്തിന് മറുപടി കിട്ടാഞ്ഞപ്പോൾ ചെടി വീണ്ടും ചോദിച്ചു നീ ആരാ?

• തെളിവെടുക്കാൻ സഹായിക്കണം. പിന്തുണനടത്തം.

ഇനി എഴുതേണ്ട വാക്യങ്ങൾ ഇവയാണ്. ഞാൻ എന്നത് തെളിവെടുത്തെഴുതാൻ സഹായിക്കാം.

• പുഴു എന്ന് ബോർഡിൽ എഴുതുമ്പോൾ ഴ യുടെ ഘടന ഉകാരചിഹ്നത്തിന്റെ ഘടന ഇവ വ്യക്തമാക്കണം.

"ഞാൻ പുഴു" എന്നത് ഘടന വ്യക്തമാക്കി എഴുതിക്കഴിഞ്ഞാൽ എല്ലാവരും സചിത്രപ്രവർത്തനപുസ്തകത്തിൽ എഴുതണം

• പുഴുവിനെ കണ്ട ഉറുമ്പ് എന്താ പറഞ്ഞത്? പുഴു ഇല തിന്നും അടുത്ത വാക്യം എഴുതുമ്പോൾ പുഴു എന്നത്

തെളിവെടുത്തെഴുതുകയാണ് വേണ്ടത്. ഇ, ന്ന എന്നിവയുടെ ഘടന വ്യക്തമാക്കണം.

• "പാവം ചെടി" എന്ന് ബോർഡിൽ എഴുതുമ്പോൾ വ, പ എന്നിവ താരതമ്യം ചെയ്ത് ഘടന വ്യക്തമാക്കണം.

അനുസാരം കുട്ടികൾ എഴുതുമ്പോൾ വലുപ്പം കൂടി ഠ ആകാനിടയുണ്ട്. അതിനാൽ അനുസാരവും ശ്രദ്ധി

പ്പിക്കണം.

• കാക്ക ചെടിയെ രക്ഷിക്കാൻ തീരുമാനിച്ചു. കാക്ക എന്താ ചെയ്തത്? കാക്ക പുഴുവിനെ തിന്നു. (ഏറ്റവും

അടിയിൽ വലതുഭാഗത്തായി എഴുതണം. തെളിവെടുത്തെഴുതാൻ സഹായിക്കണം)

സചിത്രപുസ്തകത്തിലെഴുത്ത്

**പ്രതീക്ഷിത ഉല്പന്നം**

സചിത്രപ്രവർത്തന പുസ്തകത്തിലെ രേഖപ്പെടുത്തൽ

**പ്രവർത്തനത്തിന്റെ പേര്: പുഴുവിന്റെ വരവ് ( വായന)**

പഠനലക്ഷ്യങ്ങൾ:

1. പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുക

**കരുതേണ്ട സാമഗ്രികൾ:** ചാർട്ട് , സചിത്ര പ്രവർത്തനപുസ്തകം, ക്രയോൺസ്

**പ്രക്രിയാവിശദാംശങ്ങൾ**

നിറം നൽകാം.

സചിത്രപ്രവർത്തനപുസ്തകത്തിലെ ചിത്രങ്ങൾക്ക് നിറം നൽകണം. ആദ്യം ഏതിനാണ് നിറം നൽകേണ്ടത് എന്ന് കുട്ടികളോട് ചോദിക്കാം? അവരുടെ ആഗ്രഹമനുസരിച്ച് ഓരോന്നിനും നിറം നൽകട്ടെ. സംഭാഷണഭാഗം

എഴുതിയതിനു മുകളിൽ നിറം നൽകാതിരിക്കുവാൻ ശ്രദ്ധിക്കണം.

വാക്യം കണ്ടെത്തൽ

ചാർട്ടിലും സചിത്രപ്രവർത്തന പുസ്തകത്തിലും സംഭാഷണ വാക്യങ്ങളുണ്ട്,

"അത് ആരാ?”

"നീ ആരാ? ആരാ നീ?”

"ഞാൻ പുഴു."

"ഒരു പുഴു"

"പുഴു ഇല തിന്നും."

"പാവം ചെടി."

ടീച്ചർ നിർദേശിക്കുന്ന വാക്യം കണ്ടെത്തിയവർ എഴുന്നേറ്റ് നില്ക്കണം. സചിത്ര പുസ്തകത്തിൽ അത് തൊട്ടുകാണിക്കണം. ഉദാഹരണം ഞാൻ പുഴു എന്ന വാക്യം.

കഥയുമായി ബന്ധപ്പെട്ട രണ്ട് വാക്യങ്ങളുണ്ട്. കണ്ടെത്താമോ?

- കാക്ക വന്നു
- കാക്ക പുഴുവിനെ തിന്നു.

കഥാപാത്രങ്ങളുടെ പേരുപറഞ്ഞും വാക്യം കണ്ടെത്തിക്കാം. ഉറുമ്പ് പറഞ്ഞ എത്ര വാക്യങ്ങളുണ്ട്. എവിടെയാണ്?

വാക്ക് കണ്ടെത്തൽ

- സചിത്രപ്രവർത്തന പുസ്തകത്തിൽ പുഴു എന്ന് എഴുതിയതിന് അടിവരയിടാമോ? സചിത്ര പാഠപുസ്തകത്തിൽ പേജ് 15 ൽ.
- പുഴു എന്ന വാക്കല്ലാതെ മറ്റൊരു വാക്കുകൂടി രണ്ടുതവണ വന്നിട്ടുണ്ട്. ആർക്കു വന്നു കാണിക്കാം?
- ഒരു കുട്ടി ചൂണ്ടിക്കാട്ടുന്ന വാക്കുകൾ തൊട്ടുവായിക്കാൻ അവസരം.
- മൂന്നാമത്തെ വരി ആദ്യ വാക്ക്. രണ്ടാമത്തെ വരി രണ്ടാമത്തെ വാക്ക് എന്നിങ്ങനെ ടീച്ചർ നിർദേശിക്കുന്നതും

വായിക്കണം. വായനയിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കണം.

**പ്രവർത്തനത്തിന്റെ പേര്: പൂമണത്തിനു പോകുന്നു (ചോദ്യോത്തരപ്പാട്ട്)**

പഠനലക്ഷ്യങ്ങൾ:

1. പരിചിതമായ പാട്ടുകൾക്ക് അനുയോജ്യമായ താളം നൽകിയും ഭാവാത്മകമായും ഒറ്റയ്ക്കും കൂട്ടായും സദസ്സിനു മുൻപാകെ അവതരിപ്പിക്കുന്നു.

2. പാട്ടിനും ആശയത്തിനും താളാത്മകമായശബ്ദത്തിനും അനുസൃതമായി താളത്തിൽ ചുവടുവെക്കുക

രാവിലെ കുഞ്ഞുചെടി ഉണർന്നു. (അഭിനയം) കൂട്ടുകാരെ ആരെയും കാണുന്നില്ലല്ലോ? (അഭിനയം) അപ്പോൾ അതാ കുഞ്ഞിക്കാറ്റ് ഇലകളിളക്കി വരുന്നു. (കാഴ്ചകാണുന്നതായി അഭിനയം) പക്ഷേ കുഞ്ഞിക്കാറ്റ് ചെടിയുടേ അടുത്ത് തങ്ങിയില്ല.

കുഞ്ഞിച്ചെടി ചോദിച്ചു

കാറ്റേ കാറ്റേ നീയെങ്ങോട്ടാ-

ണിത്ര തിരക്കിട്ടോടുന്നു?

കാറ്റ് മറുപടി പറഞ്ഞു:

അങ്ങേ മലയിൽ പൂത്ത പൂവിൻ

പൂമണത്തിനു പോകുന്നു

ചെടി:

ഏതു പൂവിൻ പൂമണത്തി,-

ന്നിത്ര തിരക്കിട്ടോടുന്നു?

ഇത്രയും ഭാഗം ഒന്നോ രണ്ടോ തവണ ചൊല്ലി രസിക്കുന്നു. കാറ്റും ചെടിയുമായി രണ്ടു ഗ്രൂപ്പുകളായി അവതരിപ്പിക്കുന്നു. ആംഗ്യവും ഭാവവുമെല്ലാം വരണം. തുടർന്ന് രണ്ടാം ഭാഗം ഏറ്റ് ചൊല്ലുന്നു.

കുഞ്ഞിക്കാറ്റ് :

മുല്ലപ്പൂവിൻ പൂമണത്തിനു

പോകുന്നു ഞാൻ പോകുന്നു.

ഇങ്ങോട്ടോടി വരുമ്പോൾ ഞാൻ

പുതിയൊരു കാറ്റ് പൂങ്കാറ്റ്...

- കൂട്ടമായി പാടിയ ശേഷം വീണ്ടും രണ്ടു ഗ്രൂപ്പാകുന്നു
- ചെടിഗ്രൂപ്പും കുഞ്ഞിക്കാറ്റ് ഗ്രൂപ്പും
- ചോദ്യോത്തരപ്പാട്ടായി അവതരിപ്പിക്കുന്നു.
- ചുവടെയുള്ള വരികൾ പലതവണ ആവർത്തിക്കുന്നു. മുല്ലപ്പൂവിന് പൂമണത്തിന് എന്ന വരിയിൽ പുതിയ പൂക്കളുടെ പേരു ചേർത്ത് പാടണം. മണമുള്ള പൂക്കളുടെ പേരുമാത്രമേ ചേർക്കാവൂ.

**ഏതു പൂവിൻ പൂമണത്തി,-**

**ന്നിത്ര തിരക്കിട്ടോടുന്നു?**

**കുഞ്ഞിക്കാറ്റ് :**

**മുല്ലപ്പൂവിൻ പൂമണത്തിനു**

**പോകുന്നു ഞാൻ പോകുന്നു.**

**ഇങ്ങോട്ടോടി വരുമ്പോൾ ഞാൻ**

**പുതിയൊരു കാറ്റ് പൂങ്കാറ്റ്...**

**പ്രതീക്ഷിത ഉല്പന്നം**

- പുതിയ പൂക്കളുടെ പേരുകൾ കൂട്ടിച്ചേർത്ത പാട്ട് (ഓഡിയോ)

| | |
|---|---|
| **പ്രവർത്തനത്തിന്റെ പേര്: ഏതുമണം?**<br>**പഠനലക്ഷ്യങ്ങൾ:**<br>ജീവജാലങ്ങൾക്ക് വേഗം പൂക്കളെ തിരിച്ചറിയുന്നതിന് നിറവും മണവും വലുപ്പവും സഹായിക്കുന്നു,<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br>• കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു. ഓരോ പൂവിന്റെ കവർ നാല് പേർക്ക്  നൽകുന്നു. വിസിലൂതുമ്പോ<br>ൾ കവർ കൈമാറുന്നു. വീണ്ടും വിസിൽ മുഴക്കുമ്പോൾ ആരുടെ കൈയിലാണോ കവറുള്ളത് അവർ കവർ മണത്ത് ഉള്ളിൽ ഏതു പൂവാണെന്നു പറയണം. (നേരത്തെ ചെയ്തുനോക്കി മണം കിട്ടുമെന്ന് ഉറപ്പാക്കണം)<br>പൂവ് കാണാത്ത വിധം കറുത്തതുണിയിൽ പൊതിഞ്ഞും നൽകാം. മണത്തറിയലിന് സഹായകമായ വിധം പ്രവർത്തനം ഭേദഗതി ചെയ്യാം.<br>ചെടിയോട് വേഗം വരാം എന്നു പറഞ്ഞ് കുഞ്ഞുകാറ്റ് പോയി.<br>അപ്പോൾ തേനീച്ചകൾ അതുവഴി വന്നു.<br>"എവിടെപ്പോയി?” ചെടി ചോദിച്ചു.<br>"തേൻകുടിക്കാൻ.”<br>"എവിടെയാണ് തേൻ?”<br>"പൂക്കളിൽ?”<br>"ഏതോക്കെ പൂക്കളിൽ?”<br>"പാരിജാതത്തിൽ, പാലയിൽ.. "തേനീച്ച പറഞ്ഞുതുടങ്ങി.<br>അപ്പോൾ ചെടി പാടി ചോദിച്ചു<br>"പാരിജാതം പൂത്തതും<br>പവിഴമല്ലി പൂത്തതും<br>പാല പൂത്തതും<br>ഇലഞ്ഞി പൂത്തതും<br>ആരു ചൊല്ലിയറിഞ്ഞു<br>തേനീച്ചകളേ<br>ആരു ചൊല്ലിയറിഞ്ഞു<br>തേനീച്ചകളേ<br>തേനീച്ചയുടെ മറുപടി എന്തായിരുന്നു? തേനീച്ചയും പാടിപ്പറഞ്ഞു.<br>പൂമണം പൂശി വന്ന കാറ്റു പറഞ്ഞു<br>പൂമണം പൂശി വന്ന കാറ്റു പറഞ്ഞു,<br>എല്ലാവരും കൂടി പാട്ട് പാടുന്നു. മണമുള്ള പൂക്കളുടെ പേര് ചേർത്ത് പാട്ട് നീട്ടണം.<br>**പ്രതീക്ഷിത ഉല്പന്നം -**<br>• കളി, പാട്ട് എന്നിവയുടെ ഡിജിറ്റൽ പോർട്ട്ഫോളിയോ | |

| | |
|---|---|
| **പ്രവർത്തനത്തിന്റെ പേര്: പൂക്കൾ നിർമിക്കാം**<br>**പഠനലക്ഷ്യങ്ങൾ:**<br>1. നിർദ്ദേശങ്ങൾക്കനുസരിച്ച് സൂക്ഷ്മ പേശി വികാസത്തിന് സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>2. കത്രിക പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>**കരുതേണ്ട സാമഗ്രികൾ:**<br>പച്ച, മഞ്ഞ, ചുവപ്പ്, പിങ്ക് നിറമുള്ള കടലാസുകൾ, പശ, എ ഫോർ പേപ്പർ<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br>കുഞ്ഞുചെടീ നീ എന്തിനാ വളരുന്നത്? ആരു ചോദിച്ചാലും ഒരേ ഉത്തരമാണ് കുഞ്ഞുചെടിക്കുള്ളത്? വലിയ ചെടിയാകണം. നിറയെ പൂക്കണം.<br>എന്തിനാ കുഞ്ഞു ചെടീ പൂക്കുന്നത്? എന്നു ചോദിച്ചാലോ?<br>നാടാകെ സുഗന്ധം പരത്തണം. എല്ലാവർക്കും തേൻ നൽകണം. ഇങ്ങനെ ഓരോന്നോരോന്നു പറഞ്ഞുകൊണ്ടിരിക്കും. എങ്ങനെയുള്ള പൂവുകളായിരിക്കും കുഞ്ഞുചെടിയിലുണ്ടാവുക?<br>രോ ദിവസവും ഓരോ തരം പൂവാ വേണ്ടത്. നടക്കുമോ എന്നറിയില്ല. കുഞ്ഞുചെടിയുടെമോഹം.<br>കുഞ്ഞുചെടിയിൽ വിടരുന്ന പൂക്കൾ എങ്ങനെയിരിക്കും? നമ്മൾക്കൊന്ന് ഉണ്ടാക്കി നോക്കിയാലോ?<br>പൂവിന്റെ നിർമാണപ്രവർത്തനം-എല്ലാവർക്കും വർണക്കടലാസ് നൽകുന്നു. തുണ്ടു തുണ്ടായി കീറുന്നു.<br>ചെറുകഷണങ്ങൾ ഇതളുകളാക്കി വെള്ളക്കടലാസിൽ ഒട്ടിച്ച് പൂവ് ഉണ്ടാക്കുന്നു. ഇലയും തണ്ടും പച്ചക്കടലാസ്<br>കൊണ്ട് നിർമിക്കുന്നു, ഒന്നിലധികം പൂക്കൾ നിർമിക്കാം.<br>പൂന്തോട്ടമാക്കാം. ആവശ്യമെങ്കിൽ മാതൃക കാട്ടാം. കൊളാഷ് ചിത്രത്തിന്റെ പലവിധ സാധ്യതകളാകണം പരിചയപ്പെടുത്തേണ്ടത്.<br><br>**പ്രതീക്ഷിത ഉല്പന്നം** - പൂന്തോട്ടം കൊളാഷ്<br><br><br>**പ്രവർത്തനത്തിന്റെ പേര്: ആട്ടം ചെടിയും (എഴുതാം)**<br>**പഠനലക്ഷ്യങ്ങൾ:**<br>1. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം ) മലയാളം ലിപികൾ സഹായ<br>ത്തോടെ എഴുതി വാക്കുകളും ചെറുവാക്യങ്ങളും പൂർത്തിയാക്കുക.<br>2. അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കുംകൂട്ടായും മുതിർന്നവരുടെ | |

സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി
മെച്ചപ്പെടുത്തുന്നതിനും കഴിയുക.

**കരുതേണ്ട സാമഗ്രികൾ:**

• മാർക്കർ, ചാർട്ട് , പിന്നുണ ബുക്ക്,  സ്റ്റാർ സ്റ്റിക്കർ

**ഊന്നൽ അക്ഷരങ്ങൾ**

• മുൻ ഫ്രെയിമിലെ അക്ഷരങ്ങളുടെ പുനരനുഭവമാണ്.

• **പരിചയപ്പെടുത്തുന്ന അക്ഷരം: ഒ**

**പ്രക്രിയാവിശദാംശങ്ങൾ**

ചെടി വളർന്നു. കൂടുതൽ ഇലകളായി. ഉയരവും വെച്ചു. പൂത്തുമ്പി വന്നു
"ഹായ്"
"ഹായ് "
അപ്പോൾ ഒരു ശബ്ദം. ഒരാൾ ചാടിവരുന്നു. അത് സന്തോഷത്തോടെ
ബേ ബേ എന്നു വെച്ചു. എങ്ങനെയാ
ശബ്ദം ഉണ്ടാക്കിയത്?
ആരാ വന്നത്?
ഒരു ആട് വന്നു
എങ്ങനെയാ വന്നത്?
ചാടി വന്നു.
ചെടി ആദ്യമായി ബേ ബേയെക്കാണുകയാ. ചെടി ചോദിച്ചു
"നീ ആരാ?
ആട് അനങ്ങാതെ കൊതിപിടിച്ച് നിൽക്കുകയാണ്. ചെടി വീണ്ടും
ചോദിച്ചു.
നീ ആരാ?"
ആട് മറുപടി പറഞ്ഞു.
"ഞാൻ ആട്"
ആട് ചെടിയോട് പറഞ്ഞു. നല്ല ചെടി എനിക്ക് നിന്നെ ഇഷ്ടമായി.
ചെടി ചിരിച്ചു. ആട് ചെടിയോട് പറഞ്ഞു
"ഞാൻ നിന്നെ മണത്തോട്ടെ"
ചെടി സമ്മതിച്ചു. ആട് ചെടിയോട് കോദിച്ചു ഞാൻ നിന്നെ ഒന്നു
നക്കിക്കോട്ടെ. ചെടി സമ്മതിച്ചു. ഇതു കണ്ട കുഞ്ഞുകോഴി പറഞ്ഞു
ആട് ഇല തിന്നും.
അതുപോലെ സംഭവിച്ചു. ബേ ബേ ഞാൻ നിന്നെ ഒന്നു രുചിച്ചു
നോക്കട്ടെ എന്നു പറഞ്ഞ് ആട് ചപ്പ്ചപ്പെന്ന് ഇല കടിച്ചുപറിച്ച് ചവച്ച്
തിന്നാൻ തുടങ്ങി (അഭിനയം)
ചെടിക്ക് വേദനിച്ചു. ചെടി നിലവിളിച്ചു. ഇലയെല്ലാം തിന്നശേഷം ആട്
നാമ്പും തണ്ടുമെല്ലാം കടിച്ചുമുറിച്ച് തിന്നു. ചെടി കുറ്റിയായി. ഇതുകണ്ട
കുഞ്ഞുകോഴി പറഞ്ഞു:

| | |
|---|---|
| പാവം ചെടി!<br>ഇനി എങ്ങനെ പൂവിടും?<br>കുട്ടികളുടെ പ്രതികരണങ്ങൾ.<br>തുടർന്ന് സചിത്രപ്രവർത്തനപുസ്തകം നിവർത്തി കഥാസന്ദർഭം കണ്ടെത്തൽ.<br>**പങ്കാളിത്ത എഴുത്ത്**<br>ആരാണ് വരുന്നത്?<br>ഒരു ആട് വന്നു<br>എങ്ങനെയാ വന്നത്?<br>ചാടി വന്നു.<br>ഇത് എഴുതാൻ എന്നെ സഹായിക്കാമോ? ഒരു എന്നു മാത്രമേ ഞാനെഴുതൂ. ആട് എന്ന് എഴുതാൻ ആര്<br>സഹായിക്കും? സന്നദ്ധതയുള്ളവർ വന്ന് ബോർഡിൽ സാവധാനം പറഞ്ഞെഴുതണം. മറ്റുള്ളവർക്ക് അത് മെച്ചപ്പെടുത്താം. എല്ലാവരും സമ്മതിച്ചാൽ ടീച്ചർ അത് ചാർട്ടിൽ എഴുതും. ഒരു ആട് വന്നു<br>ഇനി അടുത്ത വാക്യം. ചാടി വന്നു<br>ഈ വാക്യം എഴുതാൻ ആർക്ക് സഹായിക്കാം? ചാടി എന്നെഴുതാൻ അറിയാവുന്നവർ കൈപൊക്കൂ. മുൻതവണ എഴുതിയവരല്ലാത്തവർക്ക് മുൻഗണന.<br><br>**സചിത്രപുസ്തകത്തിലെഴുത്ത്**<br>• ഇനി ഈ വാക്യങ്ങൾ നിങ്ങളുടെ സചിത്രപുസ്തകത്തിൽ എഴുതാമോ?<br>• ചാർട്ട് നോക്കാതെ എഴുതണേ? ഒരു ആട് വന്നു, ചാടി വന്നു.<br>• എഴുത്തിൽ വാക്കകലവും ശ്രദ്ധിക്കണേ അക്ഷരം തമ്മിൽ ചേർന്നു പോകാതെ നോക്കുകയും വേണം.<br>തത്സമയ വിലയിരുത്തൽ ( കുട്ടികൾ എഴുതുന്ന സമയത്ത് തന്നെ വിലയിരുത്തൽ നടത്തണം)<br>• ടീച്ചർ എല്ലാവരുടെയും നോട്ടുബുക്ക് വിലയിരുത്തുന്നു.<br>=====<br>**പ്രതീക്ഷിത ഉല്പന്നം**<br>• സചിത്രപ്രവർത്തനപുസ്തകത്തിലെ രേഖപ്പെടുത്തൽ<br>• ചിത്രങ്ങൾക്ക് നിറം നൽകിയത്<br><br>പ്രവർത്തനത്തിന്റെ പേര്: ആട്ടും ചെടിയും ( വായന- റീഡേഴ്സ് തിയറ്റർ)<br>പഠനലക്ഷ്യങ്ങൾ:<br>1. പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുക<br>2. ശബ്ദഭംഗി ഉളവാക്കുന്ന അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തനം കണ്ടെത്തുക | |

കരുതേണ്ട സാമഗ്രികൾ: കഥാപാത്രങ്ങളുടെ ചിത്രമുള്ള തൊപ്പികൾ

**പ്രക്രിയാ വിശദാംശങ്ങൾ**

പുതിയ അക്ഷരങ്ങളോ ചിഹ്നങ്ങളോ പരിചയപ്പെടുത്താത്ത

ഫ്രെയിമാണ്. വായനപ്രക്രിയയിൽ മാറ്റമുണ്ട്.

റീഡേഴ്സ് തീയറ്ററിന്റെ രീതിയാണ് ഉപയോഗിക്കുന്നത്. നിർദേശങ്ങൾ നൽകണം. പ്രതീക്ഷിക്കുന്ന സ്ക്രിപ്റ്റ് ചർച്ച ചെയ്യണം. ഗ്രൂപ്പുകൾക്ക് റിഹേഴ്സലിന് അവസരം നൽകണം. നാലു പേരു വീതമുള്ള ടീം

ഒരാൾ അവതാരക (ൻ), ഒരാൾ ചെടി. ഒരാൾ ആട്, ഒരാൾ കോഴിക്കുഞ്ഞ് കഥാപാത്രങ്ങൾക്ക് കഥാപാത്രങ്ങളുടെ പ്രത്യേകതകൾ ഉള്ള തൊപ്പിയാകാം. അവതാരക കഥപോലെ സന്ദർഭം അവതരിപ്പിക്കണം ഒരു കുഞ്ഞുചെടി വളർന്നു വലുതായി നിറയെ

പൂക്കാൻ ആഗ്രഹിച്ചു അതങ്ങനെ വളർന്നു വളർന്നു വന്നു.

ഒരു ദിവസം (ബാക്കി സചിത്രപുസ്തകത്തിലെഴുതിയത് വായിക്കണം )

ആട് വന്നു. ചാടി വന്നു.

അപ്പോൾ ആടായി ചുമതലപ്പെട്ട ആൾ ഓടിച്ചാടി വരണം.

ചെടി: നീ ആരാ നീ ആരാ ( എന്ന ഭാഗം ഭാവാത്മകമായി വായിക്കണം)

ആട്: ആടിന്റെ ശബ്ദമുണ്ടാക്കണം, എഴുതിയ ഭാഗം വായിക്കണം

കുഞ്ഞുകോഴി: കോഴിക്കുഞ്ഞിന്റെ ശബ്ദം ഉണ്ടാക്കണം. എഴുതിയാഭാഗം വായിക്കണം

അവതാരക( ൻ) ആട് ചെടിയെ മണത്തു. ആട് ചെടിയെ നക്കി. ആട് ചെടി മൂടോടെ തിന്നു

ഇനി ഈ ചെടിക്ക് പൂക്കാനാകുമോ? പാവം ചെടി.

**പ്രതീക്ഷിത ഉല്പന്നം**

കുട്ടികളുടെ അവതരണം വീഡിയോ ഡോക്യുമെന്റാക്കിയത്.

**പ്രവർത്തനത്തിന്റെ പേര്: അരങ്ങ് (അഭിനയം)**

**പഠനലക്ഷ്യങ്ങൾ:**

വിവിധതരം തീയേറ്റർ ഗെയിമുകളിലൂടെ വിവിധ സന്ദർഭങ്ങളെ കൂട്ടായി നിസ്സങ്കോചം സദസ്സിനു മുമ്പാകെ ആവിഷ്കരിക്കുന്നു

**കരുതേണ്ട സാമഗ്രികൾ:** മുഖംമൂടികൾ

**പ്രക്രിയാവിശദാംശങ്ങൾ**

അടുത്തദിവസം തിങ്കളാഴ്ച്ച വണ്ട് വന്നു നോക്കി. ഒരു ചെറിയ കുറ്റി.

പാവം ചെടി ഇനി എങ്ങനെ പൂവിടും?

അതിന്റെ അടുത്ത ദിവസം ചൊവ്വാഴ്ച്ച കാറ്റ് വന്നു നോക്കി. ഒരു ചെറിയ കുറ്റിമാത്രം. പാവം ചെടി ഇനി എങ്ങനെ പൂവിടും?

കാറ്റിന് വിഷമമായി

| | |
|---|---|
| അടുത്ത ദിവസം ബുധനാഴ്ച പൂമ്പാറ്റ വന്നു നോക്കി. പാവം ചെടി, ഇനി എങ്ങനെ പൂവിടും? അതിന്റെ അടുത്ത ദിവസം വ്യാഴാഴ്ച കുഞ്ഞുമുയൽ ചാടിച്ചാടി വന്നു. കുറ്റിച്ചെടിയുടെ ചുറ്റും നടന്നു. എന്നിട്ട് തുള്ളിച്ചാടി വിളിച്ചു പറഞ്ഞു "കുഞ്ഞുനാമ്പ് വന്നേ! ചെടിക്ക് നാമ്പ് വന്നേ !ചെടി വളരുന്നേ." എല്ലാവർക്കും സന്തോഷമായി.<br>ചെടി വളർന്നു. ഇലകൾ വന്നു. ഉയരം വെച്ചു.<br>റോൾ പ്ലേ<br>• കടുത്ത ചൂട് മുഖമുള്ള സൂര്യന്റെ കട്ടൗട്ട് തൊപ്പി ഓരോ ഗ്രൂപ്പിനും നൽകുന്നു<br>• ചൂട് കൂടിയാലത്തെ അവസ്ഥ അവർ അഭിനയിച്ചു കാണിക്കണം.<br>• ഒരാൾ സൂര്യനായി കട്ടൗട്ട് ധരിച്ച് നിൽക്കുകയും വേണം.<br>• ഗ്രൂപ്പുകളുടെ അവതരണശേഷം എല്ലാവരും ചെടിയാകുന്നു.<br>• കൈ ഇലകളായി ഉയർത്തി നിൽക്കുന്നു ടീച്ചർ പറയുന്നതനുസരിച്ച് അഭിനയിക്കുന്നു.<br>• സൂര്യന് ചൂടുകൂടുന്നു. കാറ്റിനും ചൂടുപിടിച്ചു. ചൂട് കാറ്റിൽ ചെടിയാടുന്നു. കൊടും വെയിൽ. കുഞ്ഞുചെടി<br>സൂര്യനനേരെ അരുതേ അരുതേ എന്ന് കാണിക്കുന്നു. സൂര്യൻ ചൂടിലാണ്. ചൂട് പിന്നെയും കൂടി.<br>• ചെടി തളരുന്നു<br>• വീണ്ടും ചൂടു കൂടി<br>• ചെടിയുടെ ഇലകൾ വാടുന്നു<br>• വീണ്ടും ചൂട് കൂടി<br>• ചെടിയുടെ തണ്ടും വാടുന്നു<br>• ചെടി ചൂടിൽ വിഷമിച്ചു<br>• ഒരു വണ്ട് പറന്നുവന്നു. ചെടിയെ കണ്ടു. വണ്ടിന് സങ്കടം തോന്നി. അത് പറഞ്ഞു. പാവം ചെടി.<br>**പ്രതീക്ഷിത ഉല്പന്നം -**<br>റോൾ പ്ലേയുടെ ഡിജിറ്റൽ പോർട്ട് ഫോളിയോ<br><br>**പ്രവർത്തനത്തിന്റെ പേര്: പാവം ചെടി (എഴുതാം )**<br><br>**പഠനലക്ഷ്യങ്ങൾ:**<br>1. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം ) മലയാളം ലിപികൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുക.<br>2. അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്ന തിനും കഴിയുക. | |

| | |
|---|---|
| **പ്രക്രിയാവിശദാംശങ്ങൾ**<br>അഭിനയം കഴിഞ്ഞ് വർക്ക് ബുക്കിൽ രൂപീകരണപാഠം. ഇതിനായി ആദ്യം സൂര്യന് നിറം നൽകണം. കുട്ടികളുടെ അഭിപ്രായം ശേഖരിക്കണം. പൊതുധാരണപ്രകാരം നിറം നൽകണം.<br>സന്നദ്ധയെഴുത്ത്<br>ഒരുനാൾ ചൂട് കൂടി<br>ഈ വാക്യം ആർക്കെല്ലാം വന്ന് ബോർഡിൽ എഴുതാം? (തന തിന തന തിന തുവൽ താ, എന്ന മുൻപാഠത്തിലെ വാക്യം, പൂവ് ചിരിച്ചു എന്ന പേര് എന്നിവ ആവശ്യമെങ്കിൽ ശ്രദ്ധയിൽപ്പെടുത്തി ചൂട് , കൂടി എന്നിവയിൽ ഊ സ്വരത്തിന്റെ ചിഹ്നം എപ്രകാരമാണെന്ന ധാരണയുണ്ടാക്കാം.) തുടർന്ന് എല്ലാവരും സചിത്രപ്രവർത്തന പുസ്തകത്തിൽ ചൂട് കൂടി എന്ന് എഴുതണം.<br><br>**തനിച്ചെഴുത്ത്**<br>ഇനിയുള്ള വാക്യങ്ങൾ നേരത്തെ പരിചയപ്പെട്ടതാണ്. അതിനാൽ തനിച്ചെഴുത്തിന് അവസരം നൽകാം.<br>ചെടി വാടി<br>ഇല വാടി<br>പാവം ചെടി<br><br>**പ്രക്രിയാ വിശദാംശങ്ങൾ**<br>ചങ്ങലവായന<br>ഒരുനാൾ ചൂട് കൂടി<br>ചെടി വാടി<br>ഇല വാടി<br>പാവം ചെടി<br>ബെഞ്ചിന്റെ അറ്റത്തിരിക്കുന്ന ആൾ ആദ്യ വാക്യം വായിക്കണം. അടുത്തയാൾ അടുത്ത വാക്യം. ഇങ്ങനെ നാലാമത്തെ ആൾ കഴിഞ്ഞാൽ വീണ്ടും ആദ്യ വാക്യം. എല്ലാവരും ഒരു വാക്യമെങ്കിലും വായിച്ചു എന്നുറപ്പാക്കണം.<br>തുടർന്ന് വ്യക്തിഗതവായനയ്ക്ക് സ്വതന്ത്രവായനാപാഠം പരിചയപ്പെടുത്തണം. ചാർട്ടിൽ സ്വതന്ത്രവായനപാഠം നൽകുന്നു ഇതിൽ ഏതൊക്കെ വാക്യങ്ങൾ തനിയെ വായിക്കാനറിയാം?<br>മുഴുവനും അറിയാവുന്നവർ?<br>നാലെണ്ണം വായിക്കാനറിയാവുന്നവർ<br>മൂന്നെണ്ണം വായിക്കാനറിയാവുന്നവർ<br>രണ്ടെണ്ണം വായിക്കാനറിയാവുന്നവർ എന്നിങ്ങനെ കണക്കെടുക്കുന്നു. ഭിന്നനിലവാര ഗ്രൂപ്പാക്കുന്നു. അതിൽ ഓരോ വാക്യം വീതം സഹവർത്തിത രീതിയിൽ ക്രമമായും നിർദേശിക്കുന്ന ക്രമത്തിലും വായിച്ച് എല്ലാവരും മുഴുവൻ വാക്യങ്ങളും വായിക്കാൻ കഴിവു നേടണം.<br>ഏതു ഗ്രൂപ്പാണോ ആദ്യം റെഡിയാകുന്നത് അവരെ വായനയ്ക്കായി | |

| | |
|---|---|
| ക്ഷണിക്കണം.<br>അച്ചടിച്ചതോ എഴുതിയതോ ആയ വായനക്കാർഡ് നൽകണം.<br>വായനക്കാർഡ് വായിക്കുന്നതിനു മുമ്പ് വായനക്രമം മറ്റു ഗ്രൂപ്പുകാർ നിർദേശിക്കണം.<br>എല്ലാ ഗ്രൂപ്പുകളുടെയും വായന നടക്കണം<br>വാക്ക് കണ്ടെത്തൽ (ചിഹ്നപരിഗണനയോടെ)<br>പു എന്ന അക്ഷരമുള്ള വാക്ക് ഏതു വരിയിൽ എത്രാമത്?<br>പാ എന്ന അക്ഷരമുള്ള വാക്ക് ഏതു വരിയിൽ എത്രാമത്?<br>വാ എന്ന അക്ഷരമുള്ള വാക്ക് ഏതു വരിയിൽ എത്രാമത്?<br>വം എന്ന അക്ഷരമുള്ള വാക്ക് ഏതു വരിയിൽ എത്രാമത്?<br>കു എന്ന അക്ഷരമുള്ള വാക്ക് ഏതു വരിയിൽ എത്രാമത്?<br>ചെ എന്ന അക്ഷരമുള്ള വാക്ക് ഏതു വരിയിൽ എത്രാമത്?<br>ചൂ എന്ന അക്ഷരമുള്ള വാക്ക് ഏതു വരിയിൽ എത്രാമത്?<br>ടി എന്ന അക്ഷരമുള്ള വാക്ക് ഏതു വരിയിൽ എത്രാമത്?<br>ട് എന്ന അക്ഷരമുള്ള വാക്ക് ഏതു വരിയിൽ എത്രാമത്?<br>തി എന്ന അക്ഷരമുള്ള വാക്ക് ഏതു വരിയിൽ എത്രാമത്?<br><br>**താളാത്മക വായന**<br>ഇല വന്നു പുഴു വന്നു<br>പുഴു വന്നു, ഇല തിന്നു<br>ആട് വന്നു, ചെടി തിന്നു<br>ചൂട് കൂടി, ഇല വാടി<br>ചൂട് കൂടി, ചെടി വാടി<br>ചെടി പാവം, പാവം ചെടി<br><br>ഗ്രൂപ്പായി താളമിട്ട് ചാർട്ടിൽ ചൂണ്ടി വായിക്കണം<br><br>**പ്രവർത്തനത്തിന്റെ പേര്: ചെടിക്ക് വെള്ളമൊഴിക്കാം**<br><br>പഠനലക്ഷ്യങ്ങൾ:<br>ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രവും നിയന്ത്രിതവുമായ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുക<br>**കരുതേണ്ട സാമഗ്രികൾ:**<br>ബക്കറ്റ്, ചെറിയ സ്റ്റീൽ ഗ്ലാസ് , വെള്ളം പകരാനുള്ള സ്റ്റീൽ സ്പൂൺ<br>**പ്രവർത്തനവിശദാംശങ്ങൾ**<br><br>നാല് ഗ്രൂപ്പുകളാകുന്നു<br>രണ്ടു വരകൾ പത്ത് മീറ്റർ അകലത്തിൽ വരയ്ക്കണം<br>ഒരു വരയിൽ ഗ്രൂപ്പുകൾ നിശ്ചിത സ്ഥാനത്തായി നിൽക്കണം. അടുത്ത് ബക്കറ്റിൽ വെള്ളമുണ്ട്. ഓരോ ഗ്രൂപ്പിനും ലക്ഷ്യസ്ഥാനമുണ്ട്.<br>തുല്യദൂരത്തിൽ തുല്യവലുപ്പമുള്ള കപ്പ് വെച്ചിട്ടുണ്ട് | |

| | |
|---|---|
| വിസിൽ മുഴക്കുമ്പോൾ സ്പൂണിൽ വെള്ളം എടുത്ത് ഗ്രൂപ്പിന്റെ ലക്ഷ്യ സ്ഥാനത്തുള്ള സ്റ്റീൽ ഗ്ലാസിൽ ഒഴിക്കണം. ഗ്രൂപ്പിലെ അംഗങ്ങൾ ക്രമത്തിൽ നിന്നിട്ടുവേണം മത്സരം ആരംഭിക്കാൻ. ഒരാൾ വെള്ളം ഒഴിച്ച് വേഗം മടങ്ങിവന്ന് സ്പൂൺ ഗ്രൂപ്പിലെ അടുത്ത അംഗത്തിന് നൽകണം ആദ്യം ഏതു ഗ്രൂപ്പാണോ നിശ്ചിത സമയത്തിനുള്ളിൽ കൂടുതൽ നിറയ്ക്കുന്നത് അവർ ജേതാക്കൾ<br>**പ്രതീക്ഷിത ഉല്പന്നം -** കളിയുടെ ഡിജിറ്റൽ പോർട്ട് ഫോളിയോ<br><br>**പ്രവർത്തനത്തിന്റെ പേര്: അരങ്ങ് (അഭിനയം)**<br><br>**പഠനലക്ഷ്യങ്ങൾ:**<br>1. വിവിധതരം തീയേറ്റർ ഗെയിമുകളിലൂടെ വിവിധ സന്ദർഭങ്ങളെ കൂട്ടായി നിസ്സങ്കോചം സദസ്സിനു മുമ്പാകെ ആവിഷ്കരിക്കുന്നു<br>2. കേട്ട /വായിച്ച കഥയിലെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ റോൾപ്ലേയിലൂടെ അവതരിപ്പിക്കുക<br><br>**പ്രക്രിയാവിശദാംശങ്ങള്**<br>ചെടിയുടെ കരച്ചിൽ ആകാശം കേട്ടു<br>ആകാശം ഇരുണ്ടു<br>കാർമേഘം വന്നു<br>ചെടിയെ നോക്കി<br>പിന്നെ മഴത്തുള്ളികൾ താഴേക്ക് വീഴാൻ തുടങ്ങി<br>വണ്ട് പറഞ്ഞു<br>"ആതാ മഴ.”<br>ഇനി പറയുന്ന ഭാഗങ്ങൾ തത്സമയം അഭിനയിക്കണം<br>ചൂട് കൂടി<br>ഇല വാടി<br>ചെടി വാടി<br>നിലത്തേക്ക് ചാഞ്ഞു<br>മഴ പെയ്തു.<br>ചെടിയുടെ ഇലകളിൽ തണുത്ത മഴത്തുള്ളി വീണു.<br>തണ്ടിലും മഴത്തുള്ളികൾ വീണു<br>വേരിലേക്ക് മഴത്തുള്ളി ചെന്നു<br>വേര് വെള്ളം വലിച്ചെടുത്തപ്പോൾ തണ്ട് നിവരാൻ തുടങ്ങി.<br>തണ്ട് ഇലകൾക്ക് വെള്ളം കൊടുത്തപ്പോൾ ഇലകൾ നിവർന്നു<br>ചെടി നിവർന്നു . ചെടിക്ക് സന്തോഷമായി അത് പുഞ്ചിരിച്ചു.<br>അഭിനയം കഴിഞ്ഞ് കുട്ടികളുടെ പങ്കാളിത്തത്തോടെ വിലയിരുത്തൽ നടത്തണം.<br>സന്തോഷം തോന്നിയപ്പോൾ ചെടി പാടി<br>മഴ വന്നു<br>മഴ വന്നു<br>ലലലാ ലലലാ | |

മഴ വന്നു
ഇനി പൂക്കാമല്ലോ? ചെടി വിചാരിച്ചു. ചെടിയുടെ സന്തോഷം കണ്ട് മഴ നിറുത്താതെ പെയ്തു. തോരാതെ
പെയ്തു. ചെടിക്ക് മൊട്ടു വന്നു. പക്ഷേ മഴ തോരുന്നില്ല

**പ്രതീക്ഷിത ഉല്പന്നം** - വീഡിയോ

**പ്രവർത്തനത്തിന്റെ പേര്: മഴവന്നു (എഴുത്ത്)**

**പഠനലക്ഷ്യങ്ങൾ:**

1. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം ) മലയാളം ലിപികൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുക.
2. അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുക.

**പരിചയപ്പെടുത്തുന്ന അക്ഷരം- മ**

**പ്രക്രിയാവിശദാംശങ്ങൾ**

സചിത്രപ്രവർത്തനപുസ്തകത്തിലെ നിർദിഷ്ടപേജ് എടുക്കുന്നു.
എന്തെല്ലാമാണ് ചിത്രത്തിൽ കാണുന്നത്?
മഴ പെയ്യുന്നുണ്ട്. എന്നാൽ മഴയ്ക്ക് നിറം കൊടുക്കാം. മേഘത്തിനും നിറം കൊടുക്കണം. മഴപെയ്തപ്പോൾ സന്തോഷത്തോടെ ചെടി പാടിയ പാട്ട് എല്ലാവരും പാടുന്നു. അതാ മഴ എന്നതിന്റെ അടുത്ത് വണ്ടിന്റെ ചിത്രം വരക്കണം. പിന്നെ പാടണം.

**മഴ വന്നു**
**മഴ വന്നു**
**ലലലാ ലലലാ**
**മഴ വന്നു**

ഈ പാട്ടിലെ രണ്ടു വാക്കുകൾ മാത്രമേ പേജിൽ ഉള്ളല്ലോ? ബാക്കി എഴുതണ്ടേ?

**സംയുക്ത എഴുത്ത്**

ആദ്യവരി എഴുതാം. എഴുതേണ്ട ആദ്യവാക്കേതാണ്? മഴ
മ എന്ന് എഴുതാനറിയാവുന്നവർ ആരെങ്കിലും വന്നു സഹായിക്കൂ.
ഴ എഴുതാനറിയാവുന്നവർ വന്ന് മഴ എന്നാക്കൂ
അതിനു ശേഷം ടീച്ചർ ഘടന പറഞ്ഞ് മഴ എന്ന വാക്കെഴുതണം. മ എവിടെ തുടങ്ങി എങ്ങനെ പുരോഗമിക്കുന്നുവെന്ന് കൃത്യതയില്ലാത്ത കുട്ടികളുണ്ട്. മ ബോർഡിൽ കുട്ടിയിലെഴുതി മേലെഴുത്തിനും ക്ഷണിക്കാം.
എല്ലാവരും സചിത്രപ്രവർത്തനപുസ്തകത്തിൽ മഴ എന്ന് എഴുതിച്ചേർത്ത് വാക്യം പൂർണമാക്കുന്നു. രണ്ടാമത്തെ വരിയും തനിയെ എഴുതുന്നു.
അവർ എഴുതിക്കഴിഞ്ഞാൽ ലലലാ എന്നതിന്റെ ബാക്കിയും

| | |
|---|---|
| തെളിവെട്ടത്ത് എഴുതട്ടെ. നാലാമത്തെ വരിയും മഴ വന്നു എന്നതാണ്.<br>അതും തെളിവെട്ടത്ത് എഴുതണം. പിന്തുണബുക്ക് ഉപയോഗിക്കണം,<br>പിന്തുണനടത്തത്തിലൂടെ വാക്കകലം മുതൽ അക്ഷരഘടന വരെ മെച്ച<br>പ്പെടുത്താൻ സഹായിക്കണം. വന്നു എന്ന് എഴുതിയതിലെ വ പ<br>പോലെ എഴുതിയിട്ടില്ലെന്നുറപ്പ് വരുത്തണം. നിറം നൽകാം.<br>തോരാതെ മഴ പെയ്യുകയാണ്. ചെടിയുടെ ചുവട്ടിലുള്ള പുല്ലുകളെല്ലാം<br>വെള്ളത്തിൽ മുങ്ങി. വെള്ളം പൊങ്ങി.<br>ചെടിയുടെ അടിയിലെ ഇലകൾ വെള്ളത്തിലായി<br>ചെടിക്കും വെള്ളത്തിനും നിറം നൽകുന്നു.<br>പരസ്പരം നിറം നൽകിയത് പരസ്പരം പ്രദർശിപ്പിച്ച് ആസ്വദിക്കുന്നു.<br>വിലയിരുത്തുന്നു.<br>സചിത്രപ്രവർത്തനപുസ്തകം സമഗ്രമാക്കൽ<br>• മൂന്നു പേരുള്ള ഭിന്നനിലവാരഗ്രൂപ്പിൽ തുടക്കം മുതലുള്ള<br>രേഖപ്പെടുത്തലുകൾ എല്ലാവരുടെയും സചിത്രപ്രവർത്തന പുസ്തകത്തിൽ<br>ഉണ്ട് എന്ന് ഉറപ്പാക്കുന്നു.<br>• പരസ്പരം സഹായിക്കുന്നു.<br>• വ്യക്തതയില്ലാത്ത രേഖപ്പെടുത്തൽ ഉണ്ടെങ്കിൽ ടീച്ചറുടെ സഹായം<br>തേടണം. ( പേപ്പർ സ്ലിപ് ഒട്ടിച്ച് വാക്കോ വാക്യമോ വീണ്ടും<br>എഴുതേണ്ടതിനു സഹായിക്കണം )<br>**പ്രതീക്ഷിത ഉല്പന്നം**<br>• സചിത്രപ്രവർത്തന പുസ്തകത്തിലെ രേഖപ്പെടുത്തൽ<br><br>**പ്രവർത്തനത്തിന്റെ പേര്: മഴ വന്നു ( വായന)**<br>**പഠനലക്ഷ്യങ്ങൾ:**<br>1. പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും<br>സഹായത്തോടെയും വായിക്കുക<br>2. ശബ്ദഭംഗി ഉളവാക്കുന്ന അക്ഷരങ്ങളുടെയും പദങ്ങളുടെയും<br>ആവർത്തനം കണ്ടെത്തുക<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br>ക്രമത്തിൽ നോക്കിച്ചൊല്ലാം<br>• രണ്ടുപേരുടെ ടീമായി ചൊല്ലുന്നു.<br>**വാക്കുകണ്ടെത്തൽ**<br>• മഴ എന്ന് എത്ര തവണ എഴുതിയിട്ടുണ്ട്?<br>• പാട്ടിൽ ഏതൊക്കെ വാക്കുകൾ ആവർത്തിച്ചപ്പോഴാണ് കേൾക്കാൻ<br>രസം തോന്നിയത്?<br>മുൻ പേജുകൾ വായിക്കാം<br>• തുടക്കം മുതൽ ഈ പാഠവുമായി ബന്ധപ്പെട്ട് സചിത്രപ്രവർത്തന<br>പുസ്തകത്തിൽ എഴുതിയവ വായിക്കുന്നു.<br>ഓരോ പേജ് ഓരോ ഗ്രൂപ്പിനു നൽകാം. അഞ്ച് ഗ്രൂപ്പുകൾ വേണ്ടിവരും | |

**പ്രവർത്തനത്തിന്റെ പേര്: ആമ വന്നു(എഴുതാം)**

**പഠനലക്ഷ്യങ്ങൾ:**

1. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം ) മലയാളം ലിപികൾ സഹായത്തോടെ എഴുതി വാക്കുകളും ചെറുവാക്യങ്ങളും പൂർത്തിയാക്കുക.

2. അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുക.

3. കത്രിക, പേനാക്കത്തി പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്.

**കരുതേണ്ട സാമഗ്രികൾ:** മാർക്കർ, ചാർട്ട് , സ്റ്റാർ സ്റ്റിക്കർ

**പ്രക്രിയാവിശദാംശങ്ങൾ**

തോരാതെ മഴ പെയ്യുകയാണ്. ചെടിയുടെ ചുവട്ടിലുള്ള പുല്ലുകളെല്ലാം വെള്ളത്തിൽ മുങ്ങി. വെള്ളം പൊങ്ങി.
ചെടിയുടെ അടിയിലെ ഇലകൾ വെള്ളത്തിലായി
പിന്നെയും വെള്ളം ഉയർന്നു, കൂടുതൽ ഇലകൾ വെള്ളത്തിലായി.
മീനുകളും മറ്റുജലജീവികളും ചെടിക്ക് ചുറ്റും നീന്തി.
വെള്ളം പൊങ്ങി. ചെടി വിഷമിച്ചു. അപ്പോൾ ആമ നീന്തി വന്നു. അമ മുങ്ങുന്ന ചെടിയെകണ്ടു. അത് പറഞ്ഞു
"പാവം ചെടി "(ലേഖനപ്രക്രിയ)
ചെടി വെള്ളത്തിൽ മുങ്ങി. വെള്ളം താണില്ലെങ്കിൽ ചെടി അഴുകിപ്പോകും. മീനുകൾ പറഞ്ഞു
"ചെടിക്ക് പൂക്കാനാകില്ല. പാവം."
സചിത്ര പ്രവർത്തനപുസ്തകത്തിലെ നിർദിഷ്ട പേജ് എടുക്കുന്നു.
എന്താണ് ചിത്രത്തിൽ കാണുന്നത്?
വെള്ളത്തിലേതു ജീവിയാണ് കാണുന്നത്?
ആമ മാത്രമേ വെള്ളത്തിൽ കാണുകയുള്ളോ?
മീനുകളെ വരച്ചു ചേർക്കാമോ ?
എത്ര മീനുകളെ വരയ്ക്കാമോ അത്രയും വരയ്ക്കൂ. പലതരം മീനുകളായാലോ?
ചെറുതും വലുതും? വരച്ചു കഴിഞ്ഞാൽ ചിത്രത്തിന് നിറം കൊടുക്കണം.
എഴുതാനുള്ള സ്ഥലം ഒഴിച്ചിട്ടാണ് മീനിനെ വരക്കേണ്ടത്.

**സംയുക്ത എഴുത്ത്**

എല്ലാവരും വരക്കേണ്ടത് ശേഷം മീനുകളെ പരസ്പരം കാണിക്കണം.
വെള്ളം പൊങ്ങിയപ്പോൾ ആരാണ് വന്നത്?
മീനുകൾ വന്നു.
അങ്ങനെ എഴുതിയിട്ടുണ്ടോ? സചിത്ര പ്രവർത്തന പുസ്തകത്തിലെ

ഒന്നാം വരി വായിക്കുന്നു.
ഇനി പൂരിപ്പിച്ചെഴുതാനുണ്ടല്ലോ? എന്തായിരിക്കും എഴുതേണ്ടത്?
കുട്ടികളുടെ പ്രതികരണങ്ങൾ ടീച്ചർ ബോർഡിലോ ചാർട്ടിലോ
രേഖപ്പെടുത്തണം.
ആമ വന്നു
എന്ന് എഴുതാൻ എന്നെ ആർക്ക് സഹായിക്കാം? നാലുപേര് വരൂ.
കൂടുതൽ പിന്തുണ ആവശ്യമുള്ളവരെയും വിളിക്കണം
ഓരോ അക്ഷരമായി എഴുതി വാക്യം പൂർത്തിയാക്കണം
തുടർന്ന് ടീച്ചർ എഴുതണം
എല്ലാ കുട്ടികളും സചിത്രപ്രവർത്തന പുസ്തകത്തിൽ എഴുതണം.

**വിലയിരുത്തൽ പ്രവർത്തനം**

ആമ നോക്കിയപ്പോൾ ചെടി വെള്ളത്തിൽ മുങ്ങി. അത് അഴുകിപ്പോകും.
ആമ പറഞ്ഞു പാവം ചെടി
പാവം ചെടി എന്ന് തനിയെ എഴുതാവുന്നവരെല്ലാം എഴുതു
ചുറ്റിനടത്തം, അംഗീകാരമുദ്ര നൽകൽ.

**പ്രതീക്ഷിത ഉല്പന്നം -**

സചിത്ര പ്രവർത്തന പുസ്തകത്തിലെ രേഖപ്പെടുത്തൽ.

**പ്രവർത്തനത്തിന്റെ പേര്: ആമ വന്നു(വായന)**

**പഠനലക്ഷ്യങ്ങൾ:**

പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുക

കരുതേണ്ട സാമഗ്രികൾ: സചിത്രപാഠപുസ്തകം

**പ്രക്രിയാവിശദാംശങ്ങൾ**

വാക്യം കണ്ടെത്തൽ (മുൻ ഫ്രെയിമിലെ വാക്യങ്ങൾ കൂടി പരിഗണിക്കണം)

• മഴ വന്നപ്പോൾ ചെടി പറഞ്ഞതെന്തായിരുന്നു? കണ്ടെത്തിയവർ കൈ ഉയർത്തുക

• ചെടി വെള്ളത്തിൽ മുങ്ങിയപ്പോൾ ആമ പറഞ്ഞതെന്തായിരുന്നു?

• ഒരേ അക്ഷരം ആവർത്തിക്കുന്ന ഒരു വരിയുണ്ട് ഏതാ അത്?

എത്രമാതെന്ന് കൈവിരൽ ഉയർത്തിക്കാണിക്കു ( ലലലാ ലലലാ)
വാക്ക് കണ്ടെത്തൽ

• രണ്ടു പേജിലുമായി ഏറ്റവും കൂടുതൽ തവണ വന്ന വാക്കേതാണ്?
എത്ര തവണ?
അക്ഷരം കണ്ടെത്തൽ

• ഴ, മ, വ, ന്ന ഇവയിൽ ഏതക്ഷരമാണ് കൂടുതൽ തവണ വന്നത്?
ചങ്ങല വായന

• ചാർട്ടിലെ ഓരോ വരിയും ചൂണ്ടി വായിക്കണം. അതാ മഴ എന്ന വാക്യം മുതൽ പാവം ചെടി വരെ

• നാല് പേരുടെ ഗ്രൂപ്പ്. ഒരാൾ ഒരു വാക്യം വീതം.

| | |
|---|---|
| **താളാത്മക വായന**<br>മൂന്ന് പേരുടെ ടീമായി വന്ന് ചൂണ്ടിച്ചൊല്ലണം<br>മഴ വന്നു<br>മഴ വന്നു<br>ലലലാ ലലലാ<br>മഴ വന്നു<br>**ഭാവാത്മക വായന**<br>• മീനുകൾ വന്നു. ആമ വന്നു. പാവം ചെടി. ഈ മൂന്നു വാക്യങ്ങൾ വായിക്കുന്നത് ഒരുഭാവത്തിലാണോ?<br>• വായിച്ചുനോക്കൂ.<br>പഠനത്തെളിവ്  വിലയിരുത്തൽ<br>• വായനയിൽ എല്ലാവർക്കും പങ്കാളിത്തം ഉറപ്പാക്കിയോ?<br>• ആർക്കെല്ലാമാണ് സഹായം വേണ്ടി വന്നത്?<br>• താളാത്മകവായനയിൽ ടീമുകൾക്ക് റിഹേഴ്സൽ ചെയ്യാൻ കിട്ടിയ സമയം പര്യാപ്തമായിരുന്നോ?<br>• സ്ഥിരഹാജരില്ലാത്ത കുട്ടികൾക്ക് സവിശേഷ സഹായസമയം ഉപയോഗിച്ച് നൽകിയ പിന്തുണ വായനയിൽ പ്രതിഫലിച്ചുവോ ?<br><br>**പ്രവർത്തനത്തിന്റെ പേര്- മുങ്ങുമോ പൊങ്ങുമോ? ( പരീക്ഷണം), വെള്ളത്തിലെ പൂക്കളം**<br>**പഠനലക്ഷ്യങ്ങൾ-**<br>പൂക്കൾ നിരീക്ഷിച്ചും ചിത്രങ്ങൾ വിശകലനം ചെയ്തും പരീക്ഷണങ്ങളിലേർപ്പെട്ടും മുതിർന്നവരോട് അന്വേ ഷിച്ചും പൂക്കളുടെ സവിശേഷതകൾ കണ്ടെത്തുന്നു,<br>**കരുതേണ്ട സാമഗ്രികൾ-** പല വലുപ്പത്തിലും പല ഇതളുകൾ ഉള്ളതുമായ പൂക്കൾ ( ചെമ്പരത്തി, റോസ, മുല്ല, വാടാമല്ലി തുടങ്ങിയവ), സുതാര്യമായ ബക്കറ്റ്, വെള്ളം, കപ്പ്.<br>**പ്രക്രിയാവിശദാംശങ്ങൾ**<br>പ്രശ്നാവതരണം-വെള്ളത്തിൽ അത്തപ്പൂക്കളമൊരുക്കാൻ തീരുമാനിച്ചപ്പോൾ ഒരു സംശയം പൂക്കൾ വെള്ളത്തി ലിട്ടാൽ പൊങ്ങിക്കിടക്കുമോ ? മുങ്ങിപ്പോകുമോ?<br>പ്രതികരണങ്ങൾ<br>• എങ്ങനെ കണ്ടെത്തും?<br>• ബക്കറ്റിൽ മുക്കാൽ ഭാഗം വെള്ളം എടുക്കുന്നു ( കപ്പിൽ എടുത്ത് പകരുന്നതിന് കുട്ടികൾക്ക് ചുമതല)<br>• കഴിയുമെങ്കിൽ ഗ്രൂപ്പുകളാക്കി എല്ലാഗ്രൂപ്പുകൾക്കും ഓരോ ബക്കറ്റ് ലഭ്യമാക്കണം.<br>• എല്ലാവരും വീട്ടിൽ നിന്നും കൊണ്ടുവന്ന പൂക്കൾ ഇടകലർത്തിയ ശേഷം ഓരോരുത്തർക്കും തുല്യ എണ്ണം കിട്ടത്തക്ക വിധം വിതരണം ചെയ്യണം. | |

| | |
|---|---|
| • ഓരോരുത്തരായി വന്ന് പൂക്കൾ ഉയർത്തിക്കാട്ടണം. ഉദാഹരണം- ഇത് വാടാമല്ലി? മുങ്ങുമോ? പൊങ്ങുമോ?<br>എന്ന് മറ്റുള്ളവരോട് ചോദിക്കണം. അതിനു ശേഷം പതിയെ വെള്ളത്തിൽ ഇടണം. എന്തു സംഭവിച്ചു?<br>മുങ്ങിയെങ്കിൽ തള്ളവിരൽ താഴേക്ക് കാണിക്കണം, പൊങ്ങിയെങ്കിൽ മുകളിലേക്കും.<br>• അടുത്തയാൾ പൂവിടുമ്പോൾ നേരത്തെ ഇട്ട പൂവിൽ തൊടരുത്. ( അത് ബക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ് നല്ലത്)<br>• പരീക്ഷണം കഴിഞ്ഞ് കുട്ടികൾ നിഗമനങ്ങൾ പങ്കിടട്ടെ.<br>• തുടർന്ന് വെള്ളത്തിൽ പൂക്കളം ഉണ്ടാക്കണം. അപ്പോൾ പൂക്കളേതെങ്കിലും താണുപോകുമോ?<br>**പ്രതീക്ഷിത ഉല്പന്നം**<br>• കുട്ടികൾ പരീക്ഷണത്തിലേർപ്പെടുന്നതിന്റെ വീഡിയോ (അവരുടെ കണ്ടെത്തൽ സഹിതം)<br>• വെള്ളത്തിലെ പൂക്കളത്തിന്റെ ചിത്രം<br><br>**പ്രവർത്തനത്തിന്റെ പേര്: കുരുവീ കുരുവീ വാ (വായിക്കാം) പാഠപുസ്തകം പേജ് 14**<br>**പഠനലക്ഷ്യങ്ങൾ:**<br>പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുക<br>**പ്രക്രിയാവിശദാംശങ്ങൾ**<br>ചെടി വെള്ളത്തിൽ മുങ്ങി വിഷമിച്ച് നിൽക്കുകയാണ്. അടുത്ത ദിവസവും മഴയായിരുന്നു. വെള്ളം താണില്ല. രാത്രിയായി . മഴ നിന്നു. മഴ മാറി (ചാർട്ടിൽ എഴുതുന്നു)<br>വെള്ളം താഴാൻ തുടങ്ങി. രാവിലെ അതു വഴി പറന്നു വന്ന കുരുവി ആ കാഴ്ച കണ്ടു . ചെടിയിൽ പൂവുകൾ!<br>ചെടി മേലേക്ക് നോക്കി. ഒരു കുരുവി പറക്കുന്നു.<br>അപ്പോൾ പൂവ് വിരിഞ്ഞ സന്തോഷത്തിൽ ചെടി വിളിച്ചു.<br>എങ്ങനെയാകും വിളിച്ചത്?<br>**കുരുവീ കുരുവീ ഇതിലേ വാ** (ചാർട്ടിൽ എഴുതുന്നു. ലേ എഴുതുമ്പോൾ ചിഹ്നത്തിന്റെ ഘടന വ്യക്തമാക്കണം. എഴുതിയ വാക്യം കുട്ടികൾ വായിക്കണം.)<br>വാക്യം കണ്ടെത്തൽ<br>• കുരുവീ കുരുവീ ഇതിലേ വാ എന്ന് പാഠപുസ്തകത്തിൽ എഴുതിയിട്ടുണ്ടോ? കണ്ടെത്താമോ?<br>• പാഠത്തിന്റെ പേര് വായിക്കാമോ?<br>• എന്തുകൊണ്ടായിരിക്കും പൂവ് ചിരിച്ചത്? ( കഥ പറയിക്കാം) | |

| | |
|---|---|
| • ചിത്രം നോക്കൂ. സചിത്ര പുസ്തകത്തിൽ അവസാനം നാം എഴുതിയ പേജും പാഠപുസ്തകത്തിലെ ഈ പേജും നോക്കൂ. എന്തൊക്കെയാണ് വ്യത്യാസങ്ങൾ? (ചിത്രതാരതമ്യ പ്രതികരണങ്ങൾ)<br>• പാഠത്തിന്റെ തുടക്ക വാക്യവും ചിത്രവും തമ്മിൽ ചേർച്ചയുണ്ടോ? എന്താണ് തുടക്ക വാക്യം ? ( **മഴ മാറി)**<br>വാക്ക് കണ്ടെത്തൽ.<br>• കുരുവീ എന്ന വാക്ക് എവിടെയാണ്?<br>• കുരുവീ കുരുവീ എന്ന് വാക്കുകളിൽ തൊട്ട്  നീട്ടി വിളിക്കാമോ?<br>• ഇതിലേ എന്ന വാക്കിന് മാത്രം അടിവരയിടുക. ( പാഠപുസ്തകത്തിൽ)<br>അക്ഷരം കണ്ടെത്തൽ (പാഠപുസ്തകത്തിൽ)<br>• ആംഗ്യം കാണിക്കും. ആ ആശയമുള്ള വാക്ക് കണ്ടെത്തണം ( വാ എന്ന് കൈ കൊണ്ട് ആംഗ്യം കാണിക്കുന്നു.)<br>• മ എത്ര തവണ പാഠപുസ്തകത്തിലെ പേജിൽ ഉണ്ട്? ( മഴ മാറി).<br>**പ്രതീക്ഷിത ഉല്പന്നം** പാഠപുസ്തകം (പൂവ് ചിരിച്ചു) ഒന്നാം പേജ്<br><br>**പ്രവർത്തനത്തിന്റെ പേര്:  തേൻ കുടിച്ചു. ( എഴുത്ത്)**<br>**പഠനലക്ഷ്യങ്ങൾ:**<br>1. അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം ) മലയാളം ലിപികൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുക.<br>2. അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുക.<br>**ഊന്നൽ നൽകുന്ന അക്ഷരം - ക്ക, ച്ച**<br>**ചിഹ്നം - ഏ, ഓ എന്നീ സ്വരങ്ങളുടെ ചിഹ്നങ്ങൾ**<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br>കുരുവീ കുരുവീ ഇതിലേ വാ എന്ന് ചെടി വിളിച്ചത് കേട്ട കുരുവി എന്തു ചെയ്തുകാണും? കുട്ടികളുടെ പ്രതികരണങ്ങളെ ആശയം മാറാത്ത വിധം മാറ്റിപ്പറയുന്നു.<br>പാറിവന്നു കുരുവി പറന്നു വന്നു (ചാർട്ടിൽ എഴുതുന്നു. കുട്ടികൾ വായിക്കണം)<br>പൂവിന്റെ അടുത്തുവന്ന കുരുവി എന്തു ചെയ്തു? പാഠപുസ്തകം നോക്കി പറയൂ.<br>പാഠപുസ്തകത്തിൽ തെളിവെടുത്ത് വാക്യങ്ങൾ പൂരിപ്പിച്ചെഴുതുകയാണ് വേണ്ടത്<br>തേൻകുടിച്ചു. കുരുവി തേൻകുടിച്ചു. (തേൻ എന്ന് എഴുതുമ്പോൾ ഏ സ്വരചിഹ്നത്തിന്റെ ഘടന വ്യക്തമാക്കണം.) | |

അപ്പോൾ പൂവിന് സന്തോഷമായി പൂവ് ചിരിച്ചു. ചിരിച്ചുനിന്നു. പൂവ് ചിരിച്ചുനിന്നു. (തനിയെ എഴുതാൻ നിർദേശിക്കണം)

സന്നദ്ധയെഴുത്ത്

ഇത്രയും കുട്ടികൾ എഴുതിക്കഴിഞ്ഞാൽ സന്നദ്ധയെഴുത്ത് ബോർഡിൽ. ഓരോരുത്തർ ഓരോ വാക്ക് വീതം എഴുതുന്നതായാൽ പങ്കാളിത്തം കൂടും. ആദ്യം എഴുതിയത് വായിക്കുകയും ചെയ്യും. വിലയിരുത്തലും നടക്കും. ക്ലാസിലെ എല്ലാവരുടെയും ചിന്ത ഏകോപിപ്പിക്കാനുമാകും. കുട്ടികളുടെ സന്നദ്ധയെഴുത്തിനു ശേഷം ബോർഡിലെഴുതിയതുമായി പൊരുത്തപ്പെടുത്തി പുസ്തകത്തിലെഴുതിയത് മെച്ചപ്പെടുത്തണം.

സംയുക്ത എഴുത്ത്

കുരുവി തേൻ കുടിക്കുന്നത് ആരാണ് നോക്കിനിക്കുന്നത്?

താറാവ്.

ആ കാഴ്ച കണ്ടപ്പോൾ താറാവിന് സന്തോഷമായി. അത് ചിരിച്ചു

എന്നാൽ ആ വരികൾ തനിയെ എഴുതാമോ? ടീച്ചർ പറയുന്നു. കുട്ടികൾ എഴുതുന്നു

ചിരിച്ചു നിന്നു.

താറാവ് ചിരിച്ചു നിന്നു.

ഏതെങ്കിലും അക്ഷരത്തിന് സഹായം വേണ്ടതുണ്ടോ? ചിരിച്ചു നിന്നു എന്നത് ചാർട്ടിൽ എഴുതുന്നു.

ബോർഡിൽ ച്ചയുടെ ഘടനവ്യക്തമാക്കി എഴുതുന്നു ( ച്ച ഊന്നൽ നൽകുന്ന അക്ഷരമാണ്)

പിന്തുണനടത്തം.

ചിരിച്ചു നിന്നു. താറാവ് ചിരിച്ചു നിന്നു എന്ന് എഴുതുമ്പോൾ പിന്തുണനടത്തം.

ച്ച എഴുതാൻ സഹായം

പൂരിപ്പിക്കാമോ?

സഹവർത്തിത വായനയും പൂരിപ്പിക്കലും

താറാവ് പറയുന്നത് എന്താണെന്ന് വായിക്കണം. വായിക്കുന്നതിന് പരസ്പരം സഹായിക്കണം. പൂരിപ്പിക്കാനുള്ളത് എന്താണെന്ന് ഓരോ ഗ്രൂപ്പും തീരുമാനിക്കട്ടെ.

അതാ കുരുവി ആ പൂവിലെ തേൻ നുകരുന്നു. ഞാൻ ചെന്നാലോ?

ഗ്രൂപ്പുകൾ പൂരിപ്പിച്ച് പങ്കിടുന്നു

**പ്രതീക്ഷിത ഉല്പന്നം -**

- പുസ്തകത്തിലെ രേഖപ്പെടുത്തൽ

**പ്രവർത്തനത്തിന്റെ പേര്- ക്ലാസ് എഡിറ്റിംഗ്**

**പഠനലക്ഷ്യങ്ങൾ**

അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ

സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു.

**പ്രക്രിയാവിശദാംശങ്ങൾ**

ഇന്ന് നാം പഠിച്ച വാക്യങ്ങൾ പറയാമോ? മൂന്ന് വാക്യങ്ങളും പറയിക്കുന്നു.

ആർക്കെല്ലാം വന്ന് അറിയാവുന്ന വാക്യങ്ങൾ ബോർഡിൽ എഴുതാം? എഡിറ്റിങ്ങ് നടത്തുന്നു

**പ്രതീക്ഷിത ഉല്പന്നം**

• ബോർഡിൽ കുട്ടികളെഴുതിയത് മെച്ചപ്പെടുത്തി എഴുതിയശേഷമുള്ള ഫോട്ടോ

**പ്രവർത്തനത്തിന്റെ പേര്: ചെയ്യാം കണ്ടെത്താം**

**പഠനലക്ഷ്യങ്ങൾ:**

വിവിധ നിറങ്ങളുള്ള പൂക്കളെ താരതമ്യം ചെയ്ത് പൂക്കളിൽ കൂടുതലായി കാണുന്ന നിറങ്ങളേതൊക്കെയെന്നുകണ്ടെത്തുക. കുറവുള്ള നിറങ്ങളുമേതൊക്കെയെന്നു കണ്ടെത്തുക.

പരീക്ഷണത്തിലൂടെ പൂക്കളിലെ നിറങ്ങളിൽ ഏതെല്ലാമാണ് ജീവജാലങ്ങൾക്ക് പൂക്കളെ വേഗം തിരിച്ചറിയാൻ സഹായമെന്നു നിഗമനം രൂപീകരിക്കുക (രൂപീകരിക്കേണ്ട ആശയം -മഞ്ഞ, ചുവപ്പ്, വെള്ള, നീല എന്നീ നിറങ്ങളിലാണ് കൂടുതൽ പൂക്കളും. പൂക്കളെ പെട്ടെന്ന് തിരിച്ചറിയാൻ ഈ നിറങ്ങൾ സഹായിക്കും. ഇലകൾക്ക് പച്ച നിറമായതിനാൽ പച്ച, കറുപ്പ് നിറങ്ങളിലാണെങ്കിൽ പൂക്കളെ വേഗം തിരിച്ചറിയാൻ പ്രയാസമാണ്)

കരുതേണ്ട സാമഗ്രികൾ: പച്ച, നീല, മഞ്ഞ, ചുവപ്പ്, വെള്ള, കറുപ്പ് , പിങ്ക് നിറങ്ങളിലുള്ള കടലാസ് പൂക്കൾ

**പ്രക്രിയാവിശദാംശങ്ങൾ**

പ്രശ്നാവതരണം-

• എല്ലാ നിറങ്ങളിലുമുള്ള പൂക്കൾ ഉണ്ടോ? (പ്രതികരണം)

• ദൂരെ നിന്നും ചെടികൾ പൂത്തു എന്നു മനസ്സിലാക്കാൻ ഏതെല്ലാം നിറങ്ങളാണ് സഹായകം? (പ്രതികരണം.)

• പച്ചപ്പൂവും കറുത്ത പൂവും കണ്ടിട്ടുണ്ടോ? എന്തായിരിക്കും കാരണം? ചെയ്തു നോക്കാം.

പച്ച, നീല, മഞ്ഞ, ചുവപ്പ്, വെള്ള, കറുപ്പ് , പിങ്ക് നിറങ്ങളിലുള്ളതും ഒരേ വലുപ്പമുള്ളതുമായ കടലാസുകൊണ്ടു നിർമിച്ച പൂക്കൾ നിറയെ ഇലകളുള്ള ചെടികളുടെ ഇടയിൽ വെക്കുന്നു

ദൂരെ പോയി നിന്ന് നോക്കുന്നു.

ഏതെല്ലാം നിറങ്ങൾ ദൂരെനിന്നാൽ കാണാൻ കഴിയും?

സമീപത്തേക്ക് പതിയെ അടുക്കുന്നു. എപ്പോഴാണ് എല്ലാ പൂക്കളെയും കാണാൻ കഴിഞ്ഞത്?

| | |
|---|---|
| ഏതു നിറത്തിലുള്ളവയാണ് ദൂരെ നിന്നപ്പോൾ കാണാൻ കഴിയാതെ പോയത്?<br>**പ്രതീക്ഷിത ഉല്പന്നം**<br>• പരീക്ഷണം ചെയ്യുന്നതിന്റെ വീഡിയോ<br><br>**പ്രവർത്തനത്തിന്റെ പേര്: കാക്കപ്പൂവിന് കാക്ക നിറമാണോ? ( വായന എഴുത്ത്, നിറം നൽകൽ)**<br>**പഠനലക്ഷ്യങ്ങൾ: -**<br>അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം) മലയാളം ലിപികൾ സഹായത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുക.<br>ചിത്രങ്ങൾക്ക് നിറം നൽകുന്നു (പ്രകൃതിയിൽ നിന്നും ലഭ്യമായതും അല്ലാത്തതുമായ വസ്തുക്കൾ ഉപയോഗിച്ച്)<br>**കരുതേണ്ട സാമഗ്രികൾ:** - ക്രയോൺസ്<br>ഊന്നൽ നൽകുന്ന അക്ഷരങ്ങൾ -ക്ക<br>ഊന്നൽ നൽകുന്ന ചിഹ്നങ്ങൾ- ഒ, ഓ എന്നിവയുടെ ചിഹ്നങ്ങൾ<br>**പ്രക്രിയാവിശദാംശങ്ങൾ**<br>നേരത്തെ ഈ പേജിന് നിറം നൽകാനുള്ള പ്രവർത്തനം ഉണ്ടായിരുന്നു. അപ്പോൾ വായനയോ എഴുത്തോ നടത്തിയിട്ടില്ല. ക്ക എന്ന അക്ഷരം പരിചയപ്പെട്ടത് കഴിഞ്ഞ ഫ്രെയിമിലാണ്. അതിന്റെ പുനരനുഭവം ലഭിക്കുന്നതിനാണ് ഇപ്പോൾ വായനയും എഴുത്തും നടത്തുന്നത്<br>സംയുക്ത വായന<br>• ടീച്ചറും കുട്ടികളും ചേർന്ന് ഓരോ അക്ഷരവും സാവധാനം പറഞ്ഞ് വായിക്കുന്നു. കുട്ടിവായന നടത്തുന്നു.<br>നിറം കൊടുക്കാമോ?<br>സന്നദ്ധവായന<br>• ഉറുമ്പ് എന്താണ് പറയുന്നത്? ആർക്ക് വായിക്കാം?<br>സന്നദ്ധതയുള്ളവരുടെ വായനക്ക് അവസരം. തുടർന്ന് സംയുക്തവായന പൂരിപ്പിക്കാം<br>• ഉറുമ്പിന്റെ ചോദ്യത്തിന് എന്താ നിങ്ങളുടെ ഉത്തരം?<br>പൂരിപ്പിച്ചെഴുതാമോ?<br>• കാക്കപ്പൂവിന് നീലനിറമാണേ എന്ന് എഴുതുമ്പോൾ പിന്തുണ നടത്തം.<br>നിറം നൽകാം<br>• പാഠപുസ്തകത്തിലെ ഇരുപേജിലെയും പൂക്കൾക്ക് നിറം നൽകുന്നു<br>• പരസ്പരം വിലയിരുത്തുന്നു<br>• പൂക്കളുടെ നിറങ്ങളെക്കുറിച്ച് ചർച്ച<br>സഹവർത്തിത വായന<br>• ചെടികൾ എന്തോ പറയുന്നുണ്ടല്ലോ? എന്താണ്? രണ്ടുപേർ ചേർന്ന് വായിക്കൂ. | |

| | |
|---|---|
| • ഒരാൾ ഒരു വാക്ക്, അടുത്തയാൾ അടുത്ത വാക്ക് എന്ന രീതിയിൽ വാക്യം വായിക്കണം.<br>വാക്ക് കണ്ടെത്തൽ<br>• കൊടുക്കാമോ എന്ന് എഴുതിയത് എവിടെയാണ്? അടിവരയിടാമോ?<br>• കുടിക്കാൻ എന്നെഴുതിയതിനു നേരെ ശരിയടയാളം ഇടാമോ?<br>അക്ഷരം കണ്ടെത്തൽ<br>• ണോ എന്ന അക്ഷരമുള്ള വാക്കേതാണ്? (നിറമാണോ )<br>• ണേ എന്ന അക്ഷരമുള്ള വാക്കേതാണ്? (നിറമാണേ)<br>• മോ എന്ന അക്ഷരമുള്ള വാക്കേതാണ്? (കൊടുക്കാമോ?)<br>• ന്നോ എന്ന അക്ഷരമുള്ള വാക്കേതാണ്? (വരുന്നോ)<br>ഭാവാത്മക വായന<br>• മൂന്നുപേരുടെ ടീമുകളാക്കുന്നു. ഓരോ വാക്യം വീതം ഭാവാത്മകമായി വായിക്കുന്നു. വരച്ചു ചേർക്കാം.<br>• കാക്കപ്പൂവിന് നീലനിറമാണേ എന്നു പറഞ്ഞതാരായിരിക്കും? വരച്ചു ചേർക്കാമോ?<br>**പ്രതീക്ഷിത ഉല്പന്നം**<br>• പാഠപുസ്തകത്തിലെ രേഖപ്പെടുത്തൽ<br><br>**പ്രവർത്തനത്തിന്റെ പേര്- ക്ലാസ് എഡിറ്റിംഗ്**<br>**പഠനലക്ഷ്യങ്ങൾ**<br>അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു.<br>**പ്രക്രിയാവിശദാംശങ്ങൾ**<br>ഇന്ന് നാം പഠിച്ച വാക്യങ്ങൾ പറയാമോ?<br>ആർക്കെല്ലാം വന്ന് അറിയാവുന്ന വാക്യങ്ങൾ ബോർഡിൽ എഴുതാം?<br>എഡിറ്റിങ്ങ് നടത്തുന്നു<br>**പ്രതീക്ഷിത ഉല്പന്നം**<br>• ബോർഡിൽ കുട്ടികളെഴുതിയത് മെച്ചപ്പെടുത്തി എഴുതിയശേഷമുള്ള ഫോട്ടോ<br><br>**പ്രവർത്തനത്തിന്റെ പേര്: പൂക്കളിലെ വിരുന്നുകാർ (നിരീക്ഷണം)**<br>**പഠനലക്ഷ്യങ്ങൾ:**<br>1. ഏതെല്ലാം ജീവജാലങ്ങൾ പൂക്കളിലെത്തുന്നു എന്ന് നിരീക്ഷിച്ച് കണ്ടെത്തിയ വിവരങ്ങൾ പങ്കിടുകയും ചിത്രീകരിക്കുകയും ചെയ്യുക.<br>2. (വണ്ട്, ചിത്രശലഭം, വവ്വാൽ, ഉറുമ്പ്, പക്ഷികൾ , തേനീച്ചകൾ, കൊതുക്, കടന്നൽ, നിശാശലഭങ്ങൾ തുടങ്ങിയ ജീവികൾ തേൻ കുടിക്കാൻ പൂക്കളിലെത്താറുണ്ട്) | |

| | |
|---|---|
| **പ്രക്രിയാവിശദാംശങ്ങൾ**<br><br>പാഠപുസ്തകത്തിലെ വവ്വാലിന്റെ ചിത്രം ശ്രദ്ധയിൽപ്പെടുത്തുന്നു. കുരുവി കുടിക്കുന്നതുപോലെ തേൻ കുടിക്കാൻ വവ്വാലിന് ആഗ്രഹം. പലതവണ ശ്രമിച്ചു. പറ്റിയില്ല. വവ്വാൽ ഒരു സ്ട്രോയുമായി വന്ന് തേൻ കുടിച്ചു. ശരിക്കും വവ്വാലെങ്ങനെയാ തേൻ കുടിക്കുന്നത്? കണ്ടിട്ടുള്ളവർ പങ്കിടുന്നു. വീഡിയോ കാണിക്കുന്നു.<br>**പ്രശ്നാവതരണം**<br>തേൻ കുടിക്കാൻ വാ എന്ന് പൂക്കൾ വിളിച്ചാൽ ആരെല്ലാം വരും? ആരൊക്കെയാണ് പൂക്കളിൽ തേൻകുടിക്കാൻ എത്തുന്നവർ?<br>• വിദ്യാലയത്തിലെയോ വീട്ടിലെയോ പൂക്കൽ നിരീക്ഷിച്ച് കണ്ടെത്തുന്നതിന് തീരുമാനം.<br>• രക്ഷിതാക്കളുടെ സഹായത്തോടെ ഫോട്ടോ എടുക്കാം.<br>• കണ്ട കാര്യം ചിത്രീകരിക്കണം<br>• അടുത്ത ദിവസം അനുഭവം പങ്കിടൽ<br>• പൂക്കളിലെത്തുന്ന ജീവികളുടെ വീഡിയോ പ്രവർശിപ്പിക്കുന്നു.<br>**പ്രതീക്ഷിത ഉല്പന്നം**<br>• നിരീക്ഷിച്ച കാര്യത്തിന്റെ ചിത്രം വരച്ചത്<br><br>**പ്രവർത്തനത്തിന്റെ പേര്: ഊഹിച്ചുപറയാം**<br>**പഠനലക്ഷ്യങ്ങൾ:**<br>പൂക്കളില്ലാതെയായാൽ ജീവജാലങ്ങൾക്ക് എന്തു സംഭവിക്കുമെന്ന് പ്രവചിക്കുക (പൂക്കളില്ലെങ്കിൽ കായ്കളും വിത്തുകളും ഉണ്ടാകില്ല. ജീവികൾക്ക് ആഹാരമില്ലാതാകും. വിത്തില്ലെങ്കിൽ പുതിയ ചെടികൾ ഉണ്ടാകില്ല)<br><br>**പ്രക്രിയാവിശദാംശങ്ങൾ**<br>ടീച്ചർ പാട്ടുപാടുന്നു. കുട്ടികൾ ഏറ്റുപാടുന്നു<br>**തകത്തെയ്യക തകത്തെയ്യക തകത്തെയ്യാരോ**<br>**തകത്തെയ്യക തകത്തെയ്യക തകത്തെയ്യാരോ**<br>**തകത്തെയ്യക തകത്തെയ്യക തകത്തെയ്യാരോ**<br>**തകതിമി തകത്തെയ്യക തകത്തെയ്യക തകത്തെയ്യാരോ**<br>**തകതിമി തകത്തെയ്യാരോ  തകതിമി തകത്തെയ്യാരോ**<br>**മഞ്ഞ വാരിപ്പൂശി നിൽക്കും**<br>**കുമ്പളപ്പൂവേ നിന്നെ**<br>**ഇന്നു കാണാൻ നല്ല ചന്തം**<br>**കുമ്പളപ്പൂവേ...**<br>**നാളെ നീയും ചുളിഞ്ഞാവും**<br>**കൊഴിഞ്ഞേ വീഴും പിന്നെ**<br>**എന്തിനിങ്ങനെ ചിരിക്കുന്നു** | |

**കുമ്പളപ്പൂവേ..**

**പൂ കൊഴിഞ്ഞാലതിൽനിന്നും**

**കായ് വിരിഞ്ഞിടും കുഞ്ഞേ**

**ഞാൻ കൊഴിഞ്ഞാലെന്നിൽനിന്നും**

**കുമ്പളം കായ്കളും..**

**പ്രശ്നാവതരണം**

• പൂക്കൾ ഇല്ലാതായാൽ അത് ജീവജാലങ്ങളെ എങ്ങനെ ബാധിക്കും?
കുട്ടികളുടെ പ്രതികരണങ്ങൾ

**പൂവില്ലെങ്കിൽ കായില്ല**

**കായില്ലെങ്കിൽ പഴമില്ല**

**പഴമില്ലെങ്കിൽ വിത്തില്ല**

**വിത്തില്ലെങ്കിൽ ചെടിയില്ല**

**......................................**

**.....................................**

പൂക്കൾ , കായ, പഴം, വിത്ത്, തൈച്ചെടി. സസ്യം, പൂക്കൾ എന്ന ചാക്രിക ക്രമത്തിൽ തക്കാളി പോലെയുള്ള

ചെടികളുടെ ജീവിതചക്രം ക്രമീകരിച്ച ചിത്രം പ്രദർശിപ്പിക്കുന്നു.

**പ്രതീക്ഷിത ഉല്പന്നം**

• ക്ലാസ് ചാർട്ട്

**പ്രവർത്തനത്തിന്റെ പേര്- പൂമാല കോർക്കാം**

**പഠനലക്ഷ്യങ്ങൾ-**

നിർദ്ദേശങ്ങൾക്കനുസരിച്ച് സൂക്ഷ്മ പേശി വികാസത്തിന് സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക

കത്രിക പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക

**കരുതേണ്ട സാമഗ്രികൾ-** മാല കോർക്കാൻ പറ്റിയ പൂക്കൾ

**പ്രക്രിയാവിശദാംശങ്ങൾ**

പലവിധത്തിൽ പൂമാല കോർക്കാം. ഏതെങ്കിലും ലളിതമായ ഒരു രീതി പരിചയപ്പെടുത്തുന്നു

എല്ലാവരും മാല കോർക്കുന്നു

വ്യക്തിഗത പിന്തുണ നൽകുന്നു

ഉല്പന്നം പരസ്പരം വിലയിരുത്തുന്നു

**പ്രതീക്ഷിത ഉല്പന്നം**

• പൂമാല

**പ്രവർത്തനത്തിന്റെ പേര്: പൂവേണോ പൂവ്**

**പഠനലക്ഷ്യങ്ങൾ:**

പൂക്കൾ മനുഷ്യരുടെ ജീവിതത്തിൽ എങ്ങനെയെല്ലാം ഉപയോഗിക്കപ്പെടുന്നു എന്ന് അന്വേഷിച്ചറിയുന്നു

(പൂക്കൾ മനുഷ്യർ പലവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു)

| | |
|---|---|
| കരുതേണ്ട സാമഗ്രികൾ:- പൂക്കളുടെ ഉപയോഗം വ്യക്തമാക്കുന്ന ചിത്രങ്ങൾ<br>**പ്രക്രിയാവിശദാംശങ്ങൾ**<br>മുതിർന്നവരിൽ നിന്നും ശേഖരിച്ചതും അവർ സ്വന്തം ജീവിതത്തിൽ നിന്നും മനസ്സിലാക്കിയതുമായ കാര്യങ്ങൾ പങ്കിടുന്നു<br>• അലങ്കരിക്കാൻ (കമാനം, പൂ പന്തൽ..)<br>• സ്വീകരണം ( പൂച്ചെണ്ട്, മാല)<br>• വിവധ ചടങ്ങുകൾ (കല്യാണം, ആഘോഷം, പൂജ, റീത്ത് വെക്കൽ )<br>• ആഹാരത്തിന് ( മുരിങ്ങപ്പൂവ് )<br>• ഔഷധം<br><br>**പ്രവർത്തനത്തിന്റെ പേര്: പൂമാല കോർക്കാം**<br>**പഠനലക്ഷ്യങ്ങൾ:**<br>1. നിർദ്ദേശങ്ങൾക്കനുസരിച്ച് സൂക്ഷ്മ പേശി വികാസത്തിന് സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക<br>2. കത്രിക പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക<br>**കരുതേണ്ട സാമഗ്രികൾ:** മാല കോർക്കാൻ പറ്റിയ പൂക്കൾ<br>**പ്രക്രിയാവിശദാംശങ്ങൾ**<br>പലവിധത്തിൽ പൂമാല കോർക്കാം. ഏതെങ്കിലും ലളിതമായ ഒരു രീതി പരിചയപ്പെടുത്തുന്നു<br>**പ്രതീക്ഷിത ഉല്പന്നം** - പൂമാല | |